മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 36 THE ONLINE OFFICIAL NEWS BULLETIN 2025 September 04

SEASON OF TRANSFIGURATION തേജസ്കരണകാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
7	8	9	10	11	12	13
4th Sunday after Shunoyo	Feast of the Birth of St. Mary the Mother of God	Comme. of St. Mary's Parents Yuyakim and Hanna				
♪ 4	♪ 1	♪ 4	♪ 8	♪ 4	♪ 8	♪ 4



മലങ്കരസഭ പ്രഖ്യാപിച്ച മഹാദൗത്യം സാക്ഷാത്ക്കരിക്കപ്പെടുന്നു ഹ വയനാട് മുണ്ടക്കൈ – ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ജോൺ അലോഷ്യസിൽ നിന്നും വാങ്ങുന്ന ഭൂമിയുടെ കരാർ ഒപ്പുവെച്ചു.



തൃശൂർ മെത്രാസനത്തിലെ കാതോലിക്കേറ്റ് ദിന കവർ ശേഖരണത്തിൽ ഇടവകകളുടെ സഹകരണം മൂലം പതിവുപോലെ ടാർജറ്റിൽ അധികം തുക നൽകാൻ കഴിഞ്ഞു. യോഗത്തിൽ വച്ച് കേരളാ സർക്കാരിന്റെ കർഷകോത്തമ അവാർഡ് നേടിയ നല്ലേപ്പിള്ളി ഇടവകാംഗം അല്ലക്കുഴ സ്കറിയാപ്പിള്ളയ്ക്കും കോടശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മികച്ച വനിതാ കർഷക അവാർഡ് നേടിയ മാരാംകോട് ഇടവകാംഗം ആനിക്കാട്ട് ജോസി സിജോക്കും ആലത്തൂർ ബ്ലോക്ക് ഫാർമേഴ്സ് സൊസൈറ്റിയുടെ യുവ കർഷക അവാർഡ് നേടിയ പഴയന്നൂർ ബസേലിയോസ് യൽദോ ഇടവകാംഗം ഇടിഞ്ഞുകുഴിയിൽ യൗപദ്യക്നോ ഫിലേ ജോണിനും (മെത്രാപ്പോലീത്തയുടെ സെക്രട്ടറി – സിവിൽ എഞ്ചിനീയർ) ഭദ്രാസനത്തിന്റെ ആദരവിന്റെ ട്രോഫികൾ പരിശുദ്ധ കാതോലിക്കാ ബാവാ സമ്മാനിച്ചു. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ, റോണി വർഗ്ഗീസ്, അഡ്വക്കേറ്റ് ബിജു ഉമ്മൻ എന്നിവർ ആശംസ അറിയിച്ചു.



2025-ലെ കാതോലിക്കാ ദിനപിരിവ് ശേഖരണയോ?ഗം ആർത്താറ്റ് അരമനയിലെ സെന്റ് ഗ്രീഗോറിയോസ് അരമന ചാപ്പലിൽ വച്ച് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിലും, സഭയുടെ ഫിനാൻസ് കമ്മറ്റി പ്രസിഡന്റ് യൂഹാനോൻ മാർ പോളികർപ്പോസ് മെത്രാപ്പോലീത്തായുടെയും സാന്നിധ്യത്തിലും നടത്തപ്പെട്ടു. സഭയുടെ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, അല്മായ ട്രസ്റ്റി റോണി അബ്രഹാം, ഭദ്രാസന സെക്രട്ടറി ഫാ. സ്റ്റീഫൻ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

ലോക നാളികേര ദിനത്തോടനുബന്ധിച്ച് കുന്നംകുളം ഭദ്രാസനത്തിലെ പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ തെങ്ങിൻ തൈ വിതരണം പരിസ്ഥിതി കമ്മീഷൻ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഗീവർഗീസ് വിൽസന് നൽകി പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം നിർവ്വഹിച്ചു. കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ. സ്റ്റീഫൻ ജോർജ്ജ്, പരിസ്ഥിതി കമ്മീഷൻ സെക്രട്ടറി പോൾ മാത്യു, കമ്മീഷൻ അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



മെഡിക്കോൺ 2025. എറണാകുളം ജില്ല കേന്ദ്രീകരിച്ച് ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന മലങ്കരസഭാ മക്കളുടെ സംഗമം എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

സംതൃപ്തി

പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ



ദാരിദ്ര്യം നല്ലോളം അറിഞ്ഞ കുടുംബത്തിന് ഓണം നല്ല സന്തോഷമുള്ള ദിവസമാണ്. നന്നായി ഭക്ഷണം കഴിക്കാം. ശർക്കര വരട്ടിയും പായസവും കഴിക്കാം. ഓണക്കോടിയും അപ്പൻ വാങ്ങി തരും. കർഷക കുടുംബാംഗമായ എനിക്ക് ഒരിക്കലും മറക്കാനാകാത്ത ഓണം ഓർമയാണ് അന്നുള്ള സന്തോഷം.

രാവിലെ തന്നെ ചുറ്റുപ്പാടുള്ള വീടുകളിലെ കുട്ടികളെല്ലാം ഒന്നിച്ചു കൂടും. പന്ത് കളിയും കോൽക്കളിയുമുണ്ടാകും. ഓട്ടവും ചാട്ടവുമുണ്ടാകും. ഉച്ചയാകുമ്പോൾ വീട്ടിൽനിന്ന് വിളിയെത്തും. അവരവരുടെ വീടുകളിലേക്ക് മടങ്ങും. സമൂഹസദ്യയൊന്നുമില്ല. അവരവരുടെ വീട്ടിൽ തന്നെയാണ് ഇലയിട്ട് ഉച്ചഭക്ഷണം. ഇന്നത്തെപോലെ പല വക പായസമില്ല. ഒരെണ്ണമുണ്ടായാൽ തന്നെ വലിയ കാര്യം. വയറു നിറച്ച് ഭക്ഷണം കഴിക്കാൻ കഴിയുന്നതിനാൽ സന്തോഷമുള്ള ദിവസ മാണന്ന്. ഇന്ന് ഉദയപുരം എന്നറിയപ്പെടുന്ന വാഴൂർ പുളിക്കൽ കവലക്കടുത്താണ് ജനിച്ചത്.

ചെറിയ കൃഷിഭൂമിയിൽ വാഴയും ചെറുകൃഷിയുമുണ്ടായിരുന്നു. ഇതുകൊണ്ട് മാത്രം കുടുംബം കഴിയാനാകില്ല. അപ്പൻ അന്ത്രയോസ് കൂലിപ്പണിക്ക് പോകും. ഓണ പിറ്റേന്നും പണിക്കിറങ്ങും. സാമ്പത്തിക സ്ഥിതി മോശമായതിനാൽ അഞ്ച് മക്കളിൽ ഞാനും അനുജനും മാത്രമാണ് കൂടുതൽ പഠിച്ചത്. ഇന്നത്തെ ഓണം അന്ന് ചിന്തിക്കാൻ പോലും പറ്റില്ല. കഷ്ടപ്പാടും ദാരിദ്ര്യവും അനുഭവിച്ചതിനാലാണ് മറ്റുള്ളവരുടെ ദാരിദ്ര്യം മനസിലാക്കാൻ സാധിക്കുന്നത്.



ദേവലോകം കാതോലിക്കേറ്റ് അരമനയിലെ ജീവനക്കാർക്കൊപ്പം പരിശുദ്ധ കാതോലിക്കാ ബാവാ ഓണസദ്യയിൽ പങ്കുചേർന്നപ്പോൾ.



കുണ്ടറ ബസീലിയ ഓർത്തഡോക്സ് സെന്ററിൽ രണ്ട് ദിവസത്തെ റെസിഡൻഷ്യൽ വെക്കേഷൻ ക്യാമ്പിൽ (ഗ്രിഗോറിയൻ മീറ്റ് 2025) പങ്കെടുക്കുന്നവർ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ചെന്നൈ ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മാർ പീലക്സിനോസ് എന്നിവരോടൊപ്പം.




MGOCSM ജനറൽ സെക്രട്ടറി ഫാ. ഡോ. വിവേക് വർഗീസ് WCC ജനറൽ സെക്രട്ടറി ഡോ. ജെറി പിള്ളൈയെ ജനീവയിൽ WCC ആസ്ഥാനത്ത് സന്ദർശിച്ചു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



16-5-1961. ഇന്നു രാവിലെ പീലിപ്പോസ് കത്തനാർ ഇവിടെ വന്നു. ചെറിയപള്ളിയിലെ കാര്യം നാം അയാളോടു പറഞ്ഞു. എരുത്തിക്കലെ കൊച്ചുകത്തനാർക്കു അവിടെ വീതം കൊടുക്കുന്ന കാര്യം അയാളോടു പറഞ്ഞു. അങ്ങനെ അവർക്കു അവിടെ വീതം കൊടുക്കുകയാണെങ്കിൽ അച്ചനു കൂടി ചെറിയപള്ളിയിൽ വീതം കൊടുക്കണമെന്നു പറഞ്ഞു. അയാൾ ഉടൻതന്നെ പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല. കൊച്ചുശെമ്മാശൻ നമ്മോട് അനുവാദം ചോദിച്ചതിനു ശേഷം വീട്ടിലേക്കു പോയി.

17-5-1961. രാവിലെ പഴയസെമിനാരിയിൽ നിന്നും യോഹന്നാൻ കത്തനാർ ഇവിടെ വന്നു. ഉച്ചയ്ക്കുശേഷം നാം പാമ്പാടി ദയറായിലേക്കു പോയി. നമ്മുടെ കൂടെ യോഹന്നാൻ കത്തനാരുമുണ്ടായിരുന്നു. മെത്രാച്ചന്റെ സൗഖ്യം അന്വേഷിക്കുവാൻ പോയതായിരുന്നു. നാം കുറെ സാധനങ്ങൾ അദ്ദേഹത്തിനു കൊടുക്കുവാനായി കൊണ്ടുപോയിരുന്നു. മെത്രാച്ചനുമായി കുറെ നേരം സംസാരിച്ചു. സംസാരത്തിനിടയിൽ നമ്മേക്കാൾ മുമ്പേ കാലം ചെയ്യുന്നത് അദ്ദേഹത്തിനു സന്തോഷമാണെന്നും എല്ലാ ശുശ്രൂഷകളും ഭംഗിയായി നിറവേറണമെന്നു ആഗ്രഹമാണെന്നും പറഞ്ഞു. നാം ഫലിതരൂപത്തിൽ ഇപ്പോൾ പോകേണ്ടായെന്നു പറഞ്ഞു. നാലു മണിയോടു കൂടി തിരികെ പോന്നു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

18-5-1961. കുണ്ടറ സെമിനാരി മാനേജർ എം. എം. ജേക്കബ് കത്തനാർ ഇവിടെ വന്നു. കുണ്ടറ സെമിനാരിയിലെ കാര്യങ്ങൾ ഒക്കെ നാം അയാളോടു പറഞ്ഞു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

19-5-1961. നമ്മുടെ പെങ്ങളുടെ മകൻ മനയിട ബേബി ഇവിടെ വന്നു. അവന്റെ കൈയിൽ കുടുംബസ്വത്തിൽ നിന്നു പാട്ടം കിട്ടിയ ഇനത്തിൽ 100 രൂപാ പെങ്ങളെ ഏല്പിക്കുന്നതിനു കൊടുത്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ലെന്നു അവൻ നമ്മോടു പറഞ്ഞു. സന്ധ്യയോടു കൂടി റാന്നിക്കാരൻ ശെമ്മാശൻ വീട്ടിൽ നിന്നു ഇവിടെ വന്നു. അയാളുടെ അപ്പനും കൂടെ ഉണ്ടായിരുന്നു. അയാളുടെ കല്യാണത്തിനു നമ്മെ ക്ഷണിക്കുവാൻ വന്നതായിരുന്നു. നാം ചെല്ലുകയില്ലെന്നു അയാളോടു പറഞ്ഞു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

20-5-1961. തോമസ് ശെമ്മാശ് വീട്ടിൽ കല്യാണത്തിനായി പോകുമ്പോൾ നാം അയാൾക്ക് ഒരു മോതിരം സമ്മാനമായി കൊടുത്തു. ജോഷ്വാ കത്തനാർ നിരണത്തു നിന്നു ഇവിടെ വന്നു. നിരണത്തു വച്ചു മലങ്കര യുവജനപ്രസ്ഥാനം നടത്തുന്ന സമ്മേളനത്തിനു അവിടെ എതിരായി നിരണം ഇടവകയിലെ ഏതാനും അച്ചന്മാർ എതിർ പ്രചരണം നടത്തുന്നുയെന്നു അച്ചൻ നമ്മോടു പറഞ്ഞു. അത് അനുസരിച്ച് ഇവിടെ നിന്നും മാനേജർ റ്റി. സി. ജേക്കബ് കത്തനാരെയും വറുഗീസ് ക്ലേറിയെയും നാം നിരണം പള്ളിയിലേക്കു പറഞ്ഞയച്ചു. അവർ പോയി എല്ലാവരെയും കാണുകയും എതിർത്തു നിൽക്കുന്നവർ യൂത്ത് കോൺഫ്രൻസ് അവിടെ വച്ചു തന്നെ നടത്തുന്നതിനു അനുകൂലമായി പ്രവർത്തിക്കാമെന്ന് സമ്മതിച്ചിട്ടുള്ള വിവരം നമ്മെ അറിയിച്ചു. അവർ സന്ധ്യയോടു കൂടിയാണ് തിരികെ വന്നത്. ഗീവറുഗീസ് റമ്പാൻ ഇവിടെ വന്നു നമ്മോടു കൂടി താമസിക്കുന്നു.

21-5-1961. പെന്തിക്കോസ്തി ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി. പെന്തിക്കോസ്തിയുടെ ശുശ്രൂഷ നടത്തി. 12 മണിക്ക് തിരികെ അരമന മുറിയിലേക്കു വന്നു. ഇന്ന് ഉച്ചയ്ക്കു ശേഷം നമ്മുടെ അരമന പണിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി മീറ്റിംഗ് കൂടി. കമ്മിറ്റിയിൽ ഉള്ള എല്ലാ ആളുകളും വന്നിട്ടുണ്ടായിരുന്നു. മനോഹരൻ വറുഗീസ് ഇന്ന് ഇവിടെ വന്നിരുന്നു.

22-5-1961. മോറാൻ പാത്രിയർക്കീസിന്റെ ഓർമ്മദിവസം. വി. കുർബ്ബാന റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. ഇന്ന് നമ്മുടെ കൂടെ നിൽക്കുന്ന റാന്നിക്കാരൻ തോമ്മസ് ശെമ്മാശന്റെ കല്യാണ ദിവസമായിരുന്നു. ഇവിടെ നിന്നു മാനേജർ കത്തനാരും റ്റി. ജി. സഖറിയാ ശെമ്മാശനും പോയിട്ടുണ്ടായിരുന്നു. ഉച്ചയ്ക്കു തോട്ടയ്ക്കാട്ടു നിന്നും ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നു. അയാളുടെ മകളുടെ കല്യാണ വിവരം നമ്മെ അറിയിച്ചു. റ്റി. ജെ. ജോഷ്വാ കത്തനാർ ഇവിടെ വന്നിരുന്നു. നിരണത്തു വച്ചു നടത്തുന്ന യൂത്ത് കോൺഫ്രൻസിന്റെ കാര്യം പറഞ്ഞു. പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിനു നമ്മുടെ ഒരു കല്പന നാം കൊടുക്കുകയും ചെയ്തു. അയാൾ 10 മണിയോടു കൂടി തിരികെ പോയി. ഗീവറുഗീസ് റമ്പാൻ ഇവിടെ നിന്നു തിരുവാംകോടു പള്ളിയിലേക്കു പോകുകയും ചെയ്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

23-5-1961. തൃശൂർ പള്ളിയിൽ നിന്നു പത്രോസ് കത്തനാർ നമ്മെ വന്നു കണ്ടു. തൃശൂർ പള്ളിവക പള്ളിക്കൂടം നമ്മുടെ മാനേജ്മെന്റിൽ ആക്കുന്ന കാര്യം സമ്മതമാണോയെന്നുള്ള വിവരം നമ്മെ അറിയിക്കുവാൻ വന്നതാണ്. അങ്ങനെ ഒരു സ്കൂൾ നമ്മുടെ പേരിൽ മാനേജ്മെന്റ് തരുന്ന കാര്യത്തിൽ നമുക്ക് വിരോധമില്ല. നിങ്ങൾ ആലോചിച്ച് വേണ്ടതു ചെയ്തുകൊള്ളണമെന്ന് നാം അയാളോടു പറഞ്ഞു. കിഴവള്ളൂക്കാരൻ മത്തായി കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിപ്പിക്കുന്ന മീനടംകാരൻ പി. കെ. ജോൺ ഇവിടെ വന്നു നമ്മെ കണ്ടു. അയാൾക്ക് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ പ്രിൻസിപ്പാൾ ജോലി കിട്ടിയാൽ കൊള്ളാമെന്ന് നമ്മോട് ആവശ്യപ്പെട്ടു. കോളജിന്റെ ഭരണസമിതിയോട് ആലോചിച്ചതിന്റെ ശേഷമേ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളുയെന്ന് നാം അവനോടു

പറഞ്ഞു. അവന്റെ കൂടെ കൊച്ചുകൊച്ച്, കെ. വി. കുര്യൻ മുതലായവർ വന്നിട്ടുണ്ടായിരുന്നു.

ഇന്ന് സന്ധ്യയ്ക്ക് കോട്ടയം ഭദ്രാസന സമാജക്കാരുടെ നമ്മുടെ കൂടെ ഉൾപ്പെടെയുള്ള ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

24-5-1961. ഡൽഹി പള്ളിവികാരി കെ. സി. തോമസ് കത്തനാരും അയാളുടെ അനുജൻ കെ. സി. മാത്യൂസ് ശെമ്മാശനും കൂടി ഇവിടെ വന്നു. മാത്യൂസ് ശെമ്മാശന്റെ കല്യാണം (മെയ് 29-ാം തീയതി) വിവരം അറിയിക്കുവാൻ വന്നതാണ്. അവർ നമുക്ക് കാഴ്ചവസ്തുക്കളുമായിട്ടാണ് വന്നത്. പ്രക്കാനത്തുകാരൻ ജോർജ് ശെമ്മാശൻ ഇവിടെ വന്നിരുന്നു. അയാളുടെ കല്യാണം ജൂൺ മാസം 5-ാം തീയതി ആണെന്നുള്ള വിവരം നമ്മെ അറിയിച്ചു. പത്തനംതിട്ട നിന്നു പാലമൂട്ടിലെ കോറെപ്പിസ്ക്കോപ്പാ ഇവിടെ വന്നു നമ്മെ കണ്ടു. അയാളുടെ കൂടെ കാവുക്കാട്ട് വീട്ടിലെ കുഞ്ഞുകുഞ്ഞും അയാളുടെ മക്കളും വന്നിരുന്നു. അവർക്കു എന്തോ അസുഖങ്ങൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുയെന്നു അവർ പറഞ്ഞു. അതിനുവേണ്ടി അവരുടെ തലയിൽ കൈവച്ച് നാം പ്രാർത്ഥിക്കണമെന്ന് അവർക്കു വേണ്ടി വല്യച്ചൻ നമ്മോടു ആവശ്യപ്പെട്ടു. നാം അവരുടെമേൽ പ്രാർത്ഥിച്ചു. അവർ സന്തോഷത്തോടെ തിരികെ പോകുകയും ചെയ്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

പരുമല മാനേജർ കെ. ബി. മാത്യൂസ് കത്തനാർ ഇവിടെ വന്നിരുന്നു. എം. ഡി. സെമിനാരി കാര്യങ്ങൾ നമ്മോടു പറഞ്ഞു. ഇന്നു പാമ്പാക്കുട നിന്നു പാലപ്പള്ളിലെ കൊച്ചു കത്തനാരും ചെമ്മങ്കുഴ കത്തനാരും കൂടി വന്നിരുന്നു. പാമ്പാക്കുട ചെറിയപള്ളിയുടെ പണി സംബന്ധമായ കാര്യങ്ങൾ നമ്മെ അറിയിച്ചു. നാം പള്ളിപണിക്കു വേണ്ടി 700 രൂപാ പാലപ്പള്ളിലെ കത്തനാരെ ഏല്പിച്ചു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

26-5-1961. ഇന്നു സ്വർണ്ണ വെള്ളിയാഴ്ചയാണ്. രാവിലെ വി. കുർബ്ബാന റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. മോടിശ്ശേരിൽ മാത്യൂസ് കത്തനാർ വന്നിരുന്നു. നിരണത്തു നാം ചെല്ലുന്ന കാര്യം അറിയിക്കുവാൻ വന്നതാണ്. അയാൾ ഉടൻതന്നെ പോയി.

27-5-1961. രാവിലെ 8 മണിക്കു നിരണത്തു പോകുവാൻ നാം ഒരുങ്ങിയിരുന്നതാണ്. വലിയ മഴ നിമിത്തം നിരണത്തേക്കുള്ള യാത്ര മാറ്റി വച്ചു. ഇന്ന് ആറാട്ടുപുഴക്കാരൻ കെ. ഒ. കോശിയും ചെങ്ങന്നൂർക്കാരൻ എം. കെ. ഏബ്രഹാമും കൂടെ ഇവിടെ വന്നു നമ്മെ കണ്ടു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് കാര്യങ്ങൾ നമ്മോടു പറഞ്ഞു. അവർ ഉച്ചയ്ക്കുശേഷം തിരികെ പോയി. ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം ഇവിടെ വന്നിരുന്നു. അരമന പണിക്കു വേണ്ടി 3500 രൂപ കുര്യൻ ഏബ്രഹാമിനെ ഏല്പിച്ചു. കെ. ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നിരുന്നു. അയാൾ വശം പാത്രിയർക്കീസ് ബാവാ നമുക്കു വേണ്ടി അയച്ചുകൊടുത്ത അറബി ഭാഷയിൽ എഴുതിയിട്ടുള്ള സഭാചരിത്രവും, പാത്രിയർക്കീസിന്റെ ജീവചരിത്രവുമായ മൂന്നു പുസ്തകങ്ങൾ നമ്മെ അയാൾ ഏല്പിച്ചു.

28-5-1961. രാവിലെ വി. കുർബ്ബാന മാനേജർ റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. 10 മണിക്കു നിരണത്തേക്കു യാത്ര തിരിച്ചു. 11.30-നു നിരണം പള്ളിയിൽ എത്തി. നിരണം വലിയപള്ളിയിൽ എത്തി ലുത്തിനിയാ കഴിച്ചു. അതിനുശേഷം കാറിൽ നിരണം ഹൈസ്കൂളിലേക്കു പോയി. അവിടെ വിശ്രമിച്ചു. ദീവന്നാസ്യോസ് തിരുമേനി അവിടെ ഉണ്ടായിരുന്നു. കൂറിലോസ് മെത്രാച്ചൻ, യൂത്ത് ലീഗിന്റെ മീറ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഉച്ചഭക്ഷണത്തിനു ശേഷം മീറ്റിംഗിനു വേണ്ടി നമ്മുടെ അദ്ധ്യക്ഷതയിൽ ഹൈസ്കൂളിന്റെ ഹാളിൽ കൂടി. നമ്മെ കൂടാതെ പ്ലാറ്റ്ഫോറത്തിൽ ദീവന്നാസ്യോസ് മെത്രാച്ചൻ, കൂറിലോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ ഉണ്ടായിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ, കെ. ഫീലിപ്പോസ് കത്തനാർ, പുത്തൻകാവ് മാത്തൻ തരകന്റെ മകൻ കെ. എം. തരകൻ മുതലായവർ പ്രസംഗിച്ചു. നമ്മുടെ ഉപസംഹാര പ്രസംഗത്തിൽ 'യുവാക്കൾ എല്ലാവരും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളണമെന്നു' നാം പറഞ്ഞു. 5 മണിയോടു കൂടി മീറ്റിംഗ് അവസാനിച്ചു. പരുമല സെമിനാരിയിൽ പോയി താമസിക്കണമെന്നായിരുന്നു നാം നേരത്തെ നിശ്ചയിച്ചിരുന്നത്. നിരണത്തു തന്നെ താമസിച്ചു. പീലക്സിനോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും ഇന്നുതന്നെ പോയി. ദീവന്നാസ്യോസ് തിരുമേനി നമ്മോടു കൂടി ഉണ്ട്. ഇവിടെ താമസിക്കുകയാണ്. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

29-5-1961. ദീവന്നാസ്യോസ് തിരുമേനി 12 മണിയോടു കൂടി തിരികെ പോയി. ഉച്ചയ്ക്കുശേഷം നാം പരുമല സെമിനാരിയിലേക്കു പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

30-5-1961. 9 മണിക്ക് പരുമല സെമിനാരിയിൽ നിന്നു യാത്ര തിരിച്ചു 11 മണിയോടു കൂടി കാതോലിക്കേറ്റ് അരമനയിൽ എത്തി. തുമ്പമൺ ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ്, പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ കൂറിലോസ് എന്നീ തിരുമേനിമാർ ഇവിടെ ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചൻ 11 മണിക്കു ശേഷം ഇവിടെ വന്നു. സഭാ സംബന്ധമായ പല കാര്യങ്ങൾ അവർ ആലോചിച്ചു. ഉച്ചയ്ക്കുശേഷം തിരുവല്ലായിൽ നിന്നും ദീവന്നാസ്യോസ് തിരുമേനി ഇവിടെ വന്നു. അതിനുശേഷം നമ്മുടെ സഹായി ഒരാളെ തിരഞ്ഞെടുക്കുന്ന കാര്യം നമുക്ക് സന്തോഷമാണോയെന്നുള്ള വിവരം ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മോടു വന്നു ചോദിച്ചു. അങ്ങനെ ആളെ തെരഞ്ഞെടുക്കുന്നതു നമുക്ക് സന്തോഷമാണെന്നു മെത്രാച്ചനോടു പറഞ്ഞു. അവർ എല്ലാവരും കൂടി ആലോചിച്ചതിന്റെ ശേഷം തുമ്പമൺ ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ നമ്മുടെ സഹായിയായി അവർ തിരഞ്ഞെടുത്തു. ആ വിവരം അവർ നമ്മെ അറിയിച്ചു. പീലക്സിനോസ് മെത്രാച്ചനും എന്നെപ്പോലെ ... മുള്ള ആളാണെന്നു പലരും പറയുന്നത് എന്നു നാം അവരോടു പറഞ്ഞു. അവർ എല്ലാവരും തിരികെ പോയി.

31-5-1961. നരിയാപുരത്തുകാരൻ പി. ഇ. ജേക്കബ് കത്തനാർ വന്നു നമ്മെ കണ്ടു. റാന്നിക്കാരൻ തോമ്മസ് ശെമ്മാശനും അയാളുടെ ഭാര്യയും കൂടി വന്നു കണ്ടു. അവർ ഉടൻതന്നെ തിരികെ പോയി. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

Diary Book

His Holiness Moran Mar Baselius Catholicos of the East

(16 September, 1959 to 31 December, 1959)

സെപ്റ്റംബർ 16 ബുധനാഴ്ച. മലങ്കര സുറിയാനി അസോസിയേഷൻ. അസോസിയേഷൻ കഴിഞ്ഞു മെത്രാച്ചന്മാരും എല്ലാം നമ്മോടൊരുമിച്ചു ഏലിയാ ചാപ്പലിൽ വച്ചു ഉച്ചഭക്ഷണം കഴിഞ്ഞു തിരികെ പോയി. രണ്ടുമണി കഴിഞ്ഞു നാമും അരമനയിൽ മടങ്ങിയെത്തി. തീമോത്തിയോസ് മെത്രാച്ചനും ഒസ്താത്തിയോസു മെത്രാച്ചനും അരമനയിലെത്തി. പൗലോസ് മാർ പീലക്സിനോസ് മെത്രാച്ചന്റെ പ്രവർത്തനം മൂലം കണ്ടനാട് ഭദ്രാസനത്തിൽ വലിയ കുഴപ്പങ്ങളുണ്ടെന്നും ആയതുകൊണ്ടു വേണ്ട നടപടിയെടുക്കണമെന്നും തീമോത്തിയോസ് മെത്രാച്ചൻ പറഞ്ഞതനുസരിച്ച് നാം ഒരു കല്പന കൊടുത്തു. പീലക്സിനോസ് മെത്രാച്ചനെ ആ ഇടവകയുടെ ഇടവക മെത്രാനായിട്ടു ഗണിക്കാതെ മെത്രാച്ചൻ തന്നെ കാര്യങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് അധികാരപ്പെടുത്തിക്കൊണ്ടാണ് നാം കല്പന കൊടുത്തയച്ചത്. സന്ധ്യയ്ക്കു മുമ്പായി മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും പി. എൻ. നൈനാനും വന്നു നമ്മെ കാണുകയും മീറ്റിംഗിന്റെ കാര്യങ്ങളെല്ലാം അറിയിക്കുകയും ചെയ്തു. അത്താനാസിയോസ് മെത്രാച്ചൻ മീറ്റിംഗ് നയിച്ച രീതികളും മറ്റും കൊണ്ടു എല്ലാം ഭംഗിയായി കഴിഞ്ഞു എന്നു അവർ പറഞ്ഞു. മദ്രാസ് പള്ളി വികാരി ജോർജ് കുര്യൻ കത്തനാർ നമ്മെ വന്നു കാണുകയും അയാൾക്കു പേർഷ്യയ്ക്കു പോകുവാനുള്ള ആഗ്രഹം അറിയിക്കുകയും നാം അനുവദിച്ചു കല്പന കൊടുക്കുകയും ചെയ്തു. വേറെ വിശേഷമൊന്നുമില്ല.

17 വ്യാഴം. രാവിലെ മാളിയേക്കൽ അച്ചക്കുട്ടി നമ്മെ വന്നു കാണുകയും അയാൾക്കു ഇന്നലെ അസോസിയേഷനിൽ മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പു കിട്ടിയതിൽ സന്തോഷിക്കുന്നതായി പറഞ്ഞു. പള്ളിക്കര നിന്നു സി. ജെ. മാത്യു തരകൻ (ബേബി) നമ്മെ വന്നു കാണുകയുണ്ടായി. ഇന്നു വേറെ വിശേഷമൊന്നുമില്ല.

18 വെള്ളി. കാതോലിക്കേറ്റ് അരമന. രാവിലെ എരുത്തിക്കൽ മർക്കോസ് കത്തനാരും വി. ജെ. ഗബ്രിയേൽ കത്തനാരും ഉപ്പൂട്ടിൽ കുഞ്ഞച്ചനും

ബേബിയും വേങ്കടത്തു കത്തനാരും കൂടെ നമ്മെ വന്നു കാണുകയും ചെറിയപള്ളിയുടെ വിധി ഉണ്ടായ ഈ അവസരത്തിൽ എരുത്തിക്കൽ കത്തനാരെയും വേങ്കടത്തു കത്തനാരെയും കൂടെ സ്വീകരിച്ച് അവർക്കും ചെറിയപള്ളിയിൽ വീതം കൊടുക്കണമെന്നു അപേക്ഷിക്കുകയും അതനുസരിച്ചു അവർ നമ്മുടെപേർക്ക് ഉടമ്പടി എഴുതിത്തരികയും ചെയ്തു. നമ്മുടെ കല്പനകൾക്കും നിലവിലിരിക്കുന്ന ഭരണഘടനയ്ക്കും വിധേയമായിട്ടു നടന്നുകൊള്ളാമെന്നു എഴുതിത്തന്നു. അതനുസരിച്ച് വി. ജെ. ഗബ്രിയേൽ കത്തനാരെ വികാരിയായിട്ടും മറ്റു രണ്ടുപേരെ തവണപ്പട്ടക്കാരായും നിയമിക്കുകയും ഗബ്രിയേൽ കത്തനാർക്കും എരുത്തിക്കൽ കത്തനാർക്കും 150 രൂപാ വീതവും വേങ്കടത്തു കത്തനാർക്കു 75 രൂപായും വീതം ശമ്പളം കൊടുക്കണമെന്നും വേങ്കടത്തു കത്തനാർക്കു ശരീരസുഖമില്ലാത്തതുകൊണ്ടു നാം കല്പിക്കുന്നതു വരെ വി. കുർബ്ബാന ചൊല്ലണ്ടായെന്നും മറ്റും കാണിച്ചു നാം ഒരു കല്പന കൊടുത്തു. അടുത്ത ഞായറാഴ്ച നാം ചെറിയപള്ളിയിൽ എത്തി വി. കുർബ്ബാന ചൊല്ലണമെന്നു അവർക്കു ആഗ്രഹമുണ്ടെന്നും അവർ അറിയിച്ചു. നമുക്കു സുഖമുണ്ടെങ്കിൽ ഞായറാഴ്ച അവിടെ ചെല്ലാമെന്നു പറഞ്ഞയച്ചു. മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും വന്നിരുന്നു. ഇന്നു വേറെ വിശേഷമൊന്നുമില്ല.

19 ശനി. കാതോലിക്കേറ്റ് അരമന. വി. ജെ. ഗബ്രിയേൽ കത്തനാരും കിഴക്കേഅറ്റത്തു കുഞ്ഞപ്പനും എരുത്തിക്കൽ അലക്സാണ്ടറും കൂടെ നമ്മെ വന്നു കാണുകയും നാളെ നാം ചെറിയപള്ളിയിൽ എത്തുന്ന കാര്യവും അപ്പോൾ മൂന്നുമ്മേൽ കുർബ്ബാന ആയാൽകൊള്ളാമെന്നും എരുത്തിക്കൽ കത്തനാരും ഗബ്രിയേൽ കത്തനാരും കൂടെ നമ്മോടു കൂടെ ചൊല്ലുന്നതിനു നാം അനുവദിക്കണമെന്നും അപേക്ഷിച്ചു. നമുക്ക് അത് സന്തോഷമാണെന്നും അതിൽ ഒരു വിരോധവുമില്ലാ എന്നും പറഞ്ഞു. നാം നാളെ രാവിലെ 7 മണിക്കു അവിടെ എത്താമെന്നും പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

20 ഞായർ. രാവിലെ 7 മണിയോടു കൂടി നാമും സ്കറിയാ ശെമ്മാശന്മാരും കൂടെ നമ്മുടെ കാറിൽ ചെറിയപള്ളിയിലേക്കു പോയി. വേങ്കടത്തു കത്തനാരും എരുത്തിക്കൽ കത്തനാരും വി. ജെ. ഗബ്രിയേൽ കത്തനാരും കൂടെ നമ്മെ സ്വീകരിച്ചു പള്ളിയകത്തേക്കു ആനയിച്ചു. ലുത്തിനിയാ കഴിഞ്ഞു പള്ളികൂദാശ ചെയ്തു. അതിനുശേഷം നമസ്കാരവും അതെ തുടർന്ന് നമ്മുടെ പ്രധാന കാർമ്മികത്വത്തിലും എരുത്തിക്കൽ കത്തനാരുടെയും വി. ജെ. ഗബ്രിയേൽ കത്തനാരുടെയും സഹകരണത്തിൽ വി. മൂന്നുമ്മേൽ കുർബ്ബാന ആരംഭിച്ചു. വേങ്കടത്തു കത്തനാരും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ ഇന്നത്തെ വായനാഭാഗത്തെ ആസ്പദമാക്കി നാം പ്രസംഗിച്ചു. ഒരു വമ്പിച്ച ജനക്കൂട്ടം വി. കുർബ്ബാനയിൽ സംബന്ധിച്ചു. കൈമുത്തും കഴിഞ്ഞ് കാപ്പി കുടിച്ചു. യൂലിയോസ് മെത്രാൻ കോട്ടയം സിംഹാസനപള്ളിയിൽ ഇന്നു വി. കുർബ്ബാന ചൊല്ലുന്നുണ്ടെന്നും വേങ്കടത്തു കത്തനാരെയും എരുത്തിക്കൽ കത്തനാരെയും നമ്മോടുകൂടെ ചേർന്നതുകൊണ്ടു ആ പള്ളിയിൽ നിന്നും നിരോധിച്ചുകൊണ്ടുള്ള കല്പന വായിക്കുന്നതിന് ഒരുങ്ങിയെന്നും അപ്പോൾ രണ്ടഭിപ്രായക്കാർ ഉണ്ടായിട്ടു ഏതാണ്ടൊക്കെ ഒച്ചപ്പാടുകളോ ബഹളങ്ങളോ ഉണ്ടായിയെന്നും അറിഞ്ഞു. കുർബ്ബാന കഴിഞ്ഞു ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. നാം പള്ളിമേടയിൽ വിശ്രമിച്ചു. പഴയസെമിനാരിയിൽ നിന്നും മാനേജർ യാക്കോബ് കത്തനാരും വൈദിക വിദ്യാർത്ഥികളും നമ്മെ ചെറിയപള്ളിയിൽ വന്നു കാണുകയുണ്ടായി. കുർബാന കഴിഞ്ഞു ചെറിയപള്ളിയിലേക്കു നാം ഇന്നലെ കൊടുത്തതായ കല്പന വി. ജെ. ഗബ്രിയേൽ കത്തനാർ പള്ളിയിൽ വായിക്കുകയും ചെയ്തു. എറികാട്ടു ബേബിയും വേറെ ഏതാനുംപേരും കൂടെ നമ്മെ താഴത്തങ്ങാടി പള്ളിയിലേക്കു ക്ഷണിച്ചു. അതിന്റെ പണികാര്യങ്ങളൊക്കെ പറഞ്ഞു. പുത്തൻകാവിൽക്കാരൻ തോപ്പിൽ ഗീവറുഗീസ് ചെറിയപള്ളിയിലെത്തി നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. മെഴുവേലിക്കാരൻ പി. എസ്. ശമുവേൽ ശെമ്മാശൻ ഗീവറുഗീസിന്റെ മകളെ വിവാഹം കഴിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതു നിമിത്തം അയാൾ ബേസിൽ ദയറായിൽ നിന്നും പോയി എന്നും എന്നാൽ ഒരു ദയറാക്കാരനെക്കൊണ്ടു വിവാഹം കഴിപ്പിക്കുന്നതിനു നമ്മുടെ അനുവാദം ഉണ്ടെങ്കിലേ സാദ്ധ്യമാകൂ എന്നും അപേക്ഷിച്ചു. അയാളുടെ അപേക്ഷപ്രകാരം നാം അയാളെ അനുഗ്രഹിച്ചയച്ചു. ഉച്ചഭക്ഷണം കഴിഞ്ഞു നാം താഴത്തങ്ങാടിക്കു പോയി. യാത്ര തിരിക്കുന്നതിനു മുമ്പ് എരുത്തിക്കൽ അലക്സാണ്ടർ (ട്രസ്റ്റി) നൂറ്റിഒന്നു രൂപാ നമുക്ക് കൈമുത്തു തന്നു. ഇന്നത്തെ കാണിക്കയും (തളികപ്പണം) നമുക്കു തന്നു. താഴത്തങ്ങാടിയിലെത്തിയപ്പോൾ വികാരി അലക്സാണ്ടർ കത്തനാരും ധാരാളം ആളുകളും കൂടെ നമ്മെ സ്വീകരിച്ചു. ലുത്തിനിയാ കഴിഞ്ഞു നാം പള്ളിപണികൾ കണ്ടു. വളരെ വലുതും മനോഹരവുമായ ഒരു പള്ളിയാണ്. അനന്തരം അവർ ഒരുക്കിയ കാപ്പി കഴിഞ്ഞു നാം തിരികെ അരമനയിലേക്കു പോന്നു. വേറെ വിശേഷമൊന്നുമില്ല.

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു.

21 തിങ്കൾ. കാതോലിക്കേറ്റ് അരമന. രാവിലെ തിരുവല്ലായിൽ നിന്നു ഏലിയാസ് തോമസ് കോർഎപ്പിസ്കോപ്പാ വന്നു നമ്മെ കാണുകയും വർത്തമാനങ്ങൾ എല്ലാം പറയുകയും ചെയ്തു. നമ്മെയും ദീവന്നാസ്യോസ് മെത്രാച്ചനെയും മറ്റും പ്രതിചേർത്ത് കോടിയാട്ടു കുട്ടിയും മറ്റും കേസു കൊടുത്തിട്ടുണ്ടെന്നും അവർ നമുക്കും മെത്രാച്ചനും നിരോധന ഉത്തരവിനു വേണ്ടിയാണ് കേസു കൊടുത്തതെന്നും മറ്റും പറഞ്ഞു. ഹർജി പകർപ്പ് നമ്മുടെ പേർക്കു വന്നതു നാം വായിച്ചു കേട്ടു. തിരുവല്ല ബഥനി അരമനയുടെ റിപ്യാറിംഗിനു മുമ്പു കൊടുത്ത 100 രൂപായ്ക്കു പുറമെ 100 രൂപാ കൂടെ നാം കൊടുത്തു. കോർഎപ്പിസ്കോപ്പാ പോയി. കോടുകുളഞ്ഞിക്കാരൻ സി. ജെ. ഉമ്മൻ കത്തനാർ നമ്മെ വന്നു കാണുകയും പള്ളിപ്പാട്ടു പള്ളിയിൽ നിന്നും ദീവന്നാസ്യോസ് മെത്രാച്ചൻ അയാളെ നിരോധിച്ചു കല്പന കൊടുത്തു എന്നും പറഞ്ഞു. എന്നാൽ 16-നു അസോസിയേഷൻ പന്തലിൽ വച്ചു അയാൾ ഒരു ലഘുലേഖ പരസ്യപ്പെടുത്തി. അതു മൂലം പല കുഴപ്പങ്ങളും ഉണ്ടാക്കുവാൻ കാരണമായേക്കുമായിരുന്നു. അങ്ങനെയുള്ള ആ ലഘുലേഖയിൽ കമ്മിറ്റിയംഗങ്ങളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ചില നിർദ്ദേശങ്ങളും മെത്രാച്ചന്മാർക്കു സ്ഥലം മാറ്റം വേണമെന്നും മറ്റുമുള്ള കാര്യങ്ങളാണുണ്ടായിരുന്നത്. മെത്രാച്ചൻ ഈ കാരണത്താലാണ് അയാളെ നിരോധിച്ചത്. എന്നാൽ നാമും അതെപ്പറ്റി അയാളോടു ചോദിച്ചു. മെത്രാച്ചന്റെ അടുക്കൽ പോയി ക്ഷമ ചോദിച്ച് പള്ളിയിൽ പൊയ്ക്കൊള്ളുവാൻ നാം പറഞ്ഞയച്ചു. അല്ലാതെ യാതൊരു നിവൃത്തിയും ഇല്ലെന്നു നാം പറഞ്ഞു. പത്തനംതിട്ട നിന്നും ഉമ്മൻ ശെമ്മാശൻ നമ്മെ വന്നു കാണുകയും കെ. ഒ. കോശിയെയും നാം കമ്മിറ്റിയിലേക്കു നോമിനേറ്റു ചെയ്യണമെന്നു പീലക്സിനോസ് മെത്രാച്ചൻ പറഞ്ഞയച്ചതായി പറഞ്ഞു.

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു. നാം ഒന്നു കൂടെ കേട്ടു തീരുമാനിക്കുവാൻ നിശ്ചയിച്ചു. അതുപോലെതന്നെ വർക്കിംഗ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ പേരുകളും നിശ്ചയിച്ചു. അംഗങ്ങൾക്കു എല്ലാവർക്കും ഒരു സത്യപ്രതിജ്ഞാ വാചകം ഉണ്ടായിരിക്കണമെന്നും അത് ആലോചിച്ചു എഴുതുന്നതിന് ചെറിയാൻ വക്കീലിനെ ചുമതലപ്പെടുത്തി. നാളെ സുഖമുണ്ടെങ്കിൽ തൃപ്പൂണിത്തുറയ്ക്കു പോയി പെങ്ങളെ കാണണമെന്ന് ആഗ്രഹിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

22 ചൊവ്വ. രാവിലെ കാപ്പി കഴിഞ്ഞു നാമും ശെമ്മാശന്മാരും കൂടെ തൃപ്പൂണിത്തുറയ്ക്കു പോയി. 11 മണിക്കു മുമ്പായി അവിടെ എത്തി സഹോദരിയുടെ വീട്ടിൽ വിശ്രമിച്ചു. ഇച്ചിക്കോട്ടിൽ കത്തനാരന്മാർ രണ്ടുപേരും നമ്മെ വന്നു കണ്ടു. വർത്തമാനങ്ങളൊക്കെ പറഞ്ഞു. കരിങ്ങാച്ചിറ പള്ളിയിൽ കൂടെ നാം ഒന്നു കയറിപ്പോകണമെന്നു അവർ അപേക്ഷിച്ചു. ഇപ്പോൾ നല്ല സൗകര്യമില്ലാത്തതുകൊണ്ടു പിന്നീട് ആകാം എന്നു പറഞ്ഞു. ഉച്ചഭക്ഷണം കഴിഞ്ഞു നാം തിരികെ പോന്നു. വന്നവഴി എം.ഡി. സെമിനാരിയിൽ കയറി. അത്താനാസിയോസ് മെത്രാച്ചനെയും അദ്ധ്യാപകന്മാരെയും ശെമ്മാശന്മാരെയും എല്ലാം കണ്ടു. അസോസിയേഷൻ എല്ലാം ഭംഗിയായി നടന്ന കാര്യവും മെത്രാച്ചൻ അന്ന് അതെല്ലാം ഭംഗിയായിട്ടു നമുക്കുവേണ്ടി നടത്തിയ കാര്യങ്ങളും നാം പറഞ്ഞു സന്തോഷം രേഖപ്പെടുത്തി. അനന്തരം നാം തിരികെ അരമനയിലെത്തി. മലബാറിൽ നിന്നും വന്ന സ്കറിയാ കത്തനാരും ഏലിയാസ് തോമസ്

കോർഎപ്പിസ്കോപ്പായും നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. അവർ ഇവിടെ ഇന്നു താമസിക്കുന്നു. മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യണമെന്നുള്ള ആഗ്രഹത്തിൽ പല ആളുകളും നമ്മുടെപേർക്കു എഴുതുകയും നമ്മെ വന്നു കാണുകയും ചെയ്തു. വേറെ വിശേഷമൊന്നുമില്ല.

23 ബുധൻ. കാതോലിക്കേറ്റ് അരമന. ഏലിയാസ് തോമസ് കോർ എപ്പിസ്കോപ്പായുടെ അപേക്ഷപ്രകാരം അയാൾ ആരംഭിച്ചിരിക്കുന്ന അനാഥമന്ദിരത്തിന് ഒരു അനുഗ്രഹ കല്പന കൊടുത്തു. അനന്തരം അയാൾ പോയി. മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കു വേണ്ടിയുള്ള ഒരു കല്പനയും പ്രതിജ്ഞാപത്രവും അയയ്ക്കുന്നതിനു തീരുമാനിക്കുന്നതിനനുസരിച്ചു ചെറിയാൻ വക്കീലും കൂടി ആലോചിച്ചു എഴുതിക്കൊണ്ടു വന്ന വാചകം നാം വായിച്ചു കേട്ടു. അത് അച്ചടിച്ചു അയച്ചുകൊടുക്കുന്നതിന് നാം അനുവാദം കൊടുത്തു. തിരുവല്ലായിൽ നിന്നും പാലിയേക്കര പള്ളി ട്രസ്റ്റിയും ചാത്തമല ചാക്കോച്ചന്റെ മകനും വേറൊരാളും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും കോടിയാട്ടു കുട്ടിയും മറ്റും കൊടുത്തിരിക്കുന്ന കേസിന്റെ വിവരങ്ങൾ അറിയിക്കുകയും ചെയ്തു. നാം വക്കാലത്തു ഒപ്പിട്ടു കൊടുത്തു. അതുപോലെ തന്നെ കുന്നംകുളം സിംഹാസനപ്പള്ളി സംബന്ധിച്ചു യൂലിയോസ് കൊടുത്തിരിക്കുന്ന കേസിനും നാം വക്കാലത്തു ഒപ്പിട്ടയച്ചു കൊടുത്തു. എം.ഡി. സെമിനാരിയിൽ നിന്നും വറുഗീസ് ക്ലേറി നമ്മെ വന്നു കാണുകയുണ്ടായി. തയ്യിലെ ഫീലിപ്പോച്ചനും കാർത്തികപ്പള്ളിക്കാരി പൊൻവയലിലെ ഒരു പെണ്ണും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും കാർത്തികപ്പള്ളി സ്കൂളിൽ കഴിഞ്ഞ വർഷം അവൾ പഠിപ്പിച്ചുകൊണ്ടിരുന്നു എന്നും അതിനുശേഷം ബി.റ്റി. ക്കു പോയി വന്നപ്പോൾ അവൾക്കു ജോലി കൊടുക്കണമെങ്കിൽ രൂപാ കൊടുക്കണമെന്നു കമ്മിറ്റിക്കാർ പറഞ്ഞതായും അറിയിച്ചു. എന്നാൽ നാം അതിൽ ഇഷ്ടപ്പെടാതെ പണം വാങ്ങിക്കാതെ അവളെ നിയമിക്കണമെന്നു കാണിച്ചു പി. ജോണിനു ഒരു കല്പന കൊടുത്തയച്ചു. വേറെ വിശേഷമൊന്നുമില്ല. നാളെ കുണ്ടറയ്ക്കു പോകാൻ ആഗ്രഹിക്കുന്നു.

24 വ്യാഴം. മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യുന്ന ആളുകളുടെ പേരുകൾ പി. എൻ. നൈനാൻ വായിച്ചു കേൾപ്പിച്ചു. നാം അത് അംഗീകരിച്ചു. 18 പേരെയാണ് നോമിനേറ്റു ചെയ്തത്. അവരുടെ പേരുകൾ നാളത്തെ പത്രത്തിൽ പരസ്യപ്പെടുത്തുന്നതിനു നാം അനുവാദം കൊടുത്തു. ഇന്ന് ഉച്ച കഴിഞ്ഞ് നാം തിരുവല്ലാ അരമനയിലെത്തി വിശ്രമിച്ചിട്ടു നാളെ രാവിലെ കുണ്ടറയ്ക്കു പോകുവാൻ ആഗ്രഹിക്കുന്നു.

തിരുവല്ലാ കോവൂർ പള്ളത്തു കുഞ്ഞുഞ്ഞ് (ജേക്കബ്) ഇന്നലെ ചിങ്ങവനത്തിനടുത്തു വച്ച് ഉണ്ടായ ജീപ്പപകടത്തിൽപ്പെട്ടു മരിച്ചുപോയി. ആ വിവരം വളരെ വിഷമത്തോടു കൂടെയാണ് നാം അറിഞ്ഞത്. നമ്മോടു താല്പര്യക്കാരനായിരുന്നു.

ഉച്ചകഴിഞ്ഞു നാലു മണിയോടു കൂടി നാമും ശെമ്മാശന്മാരും കൂടെ തിരുവല്ലായ്ക്കു പോയി. 5 മണിയോടു കൂടി അരമനയിലെത്തി. ദീവന്നാസിയോസ് മെത്രാച്ചനും ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പായും സി. വി. ജോൺ കത്തനാരും കല്ലുപ്പാറ പണിക്കർ കത്തനാരും മറ്റും അവിടുത്തെ ശെമ്മാശന്മാരും ഉണ്ടായിരുന്നു. നമ്മുടെ ആജ്ഞപ്രകാരം അരമനയുടെ കേടുപാടുകൾ പോക്കുന്നുണ്ടായിരുന്നു. അതിന്റെ പണികളും കണ്ടു. ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു. നാളത്തേക്കാണ് തിരുവല്ലായിലെ കേസിന്റെ വാദത്തിനുള്ള അവധി വച്ചിരിക്കുന്നതെന്നറിഞ്ഞു. ആ കേസിന്റെ കൂടുതൽ വിവരങ്ങളെല്ലാം മെത്രാച്ചൻ നമ്മെ അറിയിച്ചു. കോടുകുളഞ്ഞിക്കാരൻ ഉമ്മൻ കത്തനാരുടെ കാര്യങ്ങളും പറഞ്ഞു. അയാൾ മെത്രാച്ചന്റെ അടുത്തു വന്നു ക്ഷമ ചോദിച്ചതിന്റെ ശേഷം നമ്മുടെ കല്പന കൊണ്ടുവന്നിട്ടു ഇടവക കൊടുത്താൽ മതിയെന്നും നാം മെത്രാച്ചനോടു പറഞ്ഞു. നാളെ രാവിലെ കുണ്ടറയ്ക്കു പോകാൻ ഉദ്ദേശിക്കുന്നു. ഇന്ന് തിരുവല്ലാ അരമനയിൽ വിശ്രമിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

25 വെള്ളി. രാവിലെ ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. കോടിയാട്ടുകാരുടെ കൂട്ടത്തിലുള്ളവരും മറ്റുള്ളവരും കൂടെ ഒന്നിച്ചു കൂടിയിട്ടു ആ കേസിന്റെ കാര്യത്തിൽ കോടിയാട്ടുകാരോടു എതിരായിട്ടു തന്നെ പ്രവർത്തിക്കണമെന്നു നിശ്ചയിച്ചതായി നമ്മെ അറിയിച്ചു. കൂടാതെ അവർ രാജിയാകണമെന്നു പറഞ്ഞതായി പറഞ്ഞു. എന്നാൽ അവർ കേസു പിൻവലിക്കാതെ രാജിയാകണ്ടായെന്നു നാം പറഞ്ഞു. കാപ്പി കഴിഞ്ഞു 9 മണിയോടു കൂടെ നാം കുണ്ടറയ്ക്കു പോന്നു. 11 മണിയോടു കൂടെ കുണ്ടറയെത്തി. ചാപ്പലിൽ ലുത്തിനിയാ കഴിഞ്ഞു വിശ്രമിച്ചു. ഹെഡ്മാസ്റ്റർ യാക്കോബ് കത്തനാരും നല്ലില കത്തനാരും സ്കൂളിലെ ഏതാനും അദ്ധ്യാപകന്മാരും ദാനിയേൽ എൻ. വർഗീസ് ശെമ്മാശനും തിരുവല്ലാക്കാരൻ മാത്യു ശെമ്മാശനും ഇവിടെ ഉണ്ടായിരുന്നു. കൊല്ലം പള്ളി വികാരി വെണ്ണിക്കുളത്തുകാരൻ ഓതറ ദയറായിലെ ജോർജ് കത്തനാരും ഒരു അബ്രഹാം എഞ്ചിനീയറും കൂടെ നമ്മെ വന്നു കാണുകയും അവിടെയുള്ള സെന്റ് തോമസ് അസോസിയേഷൻ മീറ്റിംഗിന്റെ ഉദ്ഘാടനത്തിനു നാം ചെല്ലണമെന്നു അപേക്ഷിക്കുകയും ചെയ്തു. ഇവിടുത്തെ പള്ളി പണിയുന്ന കാര്യത്തെപ്പറ്റി നാം ഹെഡ്മാസ്റ്റർ കത്തനാരോടും നല്ലിലാ കത്തനാരോടും മറ്റും പറഞ്ഞു. അവർ ഒരു എഞ്ചിനീയറെ കൊണ്ടുവരാമെന്നു പറഞ്ഞു. മുമ്പ് അപേക്ഷിച്ചിരുന്നതനുസരിച്ച് ദാനിയേൽ വറുഗീസ് ശെമ്മാശനും മാത്യു ശെമ്മാശനും ഞായറാഴ്ച കശീശാപട്ടം കൊടുക്കുന്നതിനു നാം സമ്മതിച്ചു. എന്നാൽ അവരിൽ മാത്യു ശെമ്മാശൻ കോറൂയോ ആയതുകൊണ്ട് അയാൾക്കു നാളെ പൂർണ്ണശെമ്മാശുപട്ടം കൊടുക്കുന്നതിനു ഉദ്ദേശിക്കുന്നു. 9 മണി കഴിഞ്ഞു കൂറിലോസ് മെത്രാച്ചൻ ഇവിടെ വന്നു നമ്മെ കണ്ടു. നമുക്കു നാളെയും മറ്റെന്നാളും കൂടെ കുർബ്ബാന ചൊല്ലി പട്ടം കൊടുക്കുവാൻ പ്രയാസമായതുകൊണ്ടു നാളെ മാത്യു ശെമ്മാശനെ പൂർണ്ണശെമ്മാശനാക്കുവാൻ നാം കൂറിലോസ് മെത്രാച്ചനോടു പറഞ്ഞു. മെത്രാച്ചൻ അതു സമ്മതിച്ചു. പുത്തൂർ ഇടവകയിൽ ഒരു ശെമ്മാശനെ ഈയിടെ പൗലോസ് മാർ പീലക്സിനോസ് കശീശയാക്കി എന്നും അതു നിമിത്തം ആളുകൾ രണ്ടു ഭാഗമായി നിന്നുകൊണ്ടു കേസു കൊടുക്കുവാൻ തീരുമാനിച്ചു എന്നും അങ്ങനെ ആ മെത്രാച്ചൻ കൊല്ലം ഇടവകയിൽ ധാരാളം കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും അറിയിച്ചു. രണ്ടു കൂട്ടരും കൂടെ വന്ന് കാര്യങ്ങൾ പറഞ്ഞു തീർക്കത്തക്കവണ്ണം കൂറിലോസ് മെത്രാച്ചൻ പറഞ്ഞിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

26 ശനി. രാവിലെ നമസ്കാരവും അതു കഴിഞ്ഞ് കൂറിലോസ് മെത്രാച്ചൻ കുർബ്ബാനയും ചൊല്ലി. കുർബ്ബാനമദ്ധ്യേ മാത്യു ശെമ്മാശനു അദ്ദേഹം ശെമ്മാശുപട്ടം കൊടുത്തു. കുർബ്ബാന കഴിഞ്ഞ് കാപ്പി കുടിച്ചശേഷം മെത്രാച്ചൻ കോട്ടപ്പുറത്തേക്കു പോയി. തടത്തിവിള കത്തനാരും പൊയ്കയിൽ കത്തനാരും വൈദ്യൻ കത്തനാരും കല്ലുമ്മൂട്ടിൽ അബ്രഹാം കത്തനാരും ധാരാളം ആളുകളും നമ്മെ വന്നു കാണുകയുണ്ടായി. കാർത്തികപ്പള്ളിയിൽ നിന്നും ഡോക്ടർ കോശിയുടെ അനുജൻ പി. ജോണും വേറൊരാളും കൂടെ നമ്മെ വന്നു കാണുകയും പൊൻവയലിലെ പെണ്ണിനെ അവിടെ സ്കൂളിൽ നിയമിക്കുന്ന കാര്യത്തിനു നാം ജോണിന്റെ പേർക്കു കൊടുത്തയച്ച കല്പനപ്രകാരം അവർ പീലക്സിനോസ് മെത്രാച്ചനെ വിവരം അറിയിച്ചിട്ടു അദ്ദേഹം ഇടപെട്ടു ചെയ്തതായതുകൊണ്ടു നാം ഇടപെട്ടപ്പോൾ അതു അദ്ദേഹത്തെ കൂടുതൽ വിഷമിപ്പിക്കുന്നു എന്നും മറ്റുമുള്ള അദ്ദേഹത്തിന്റെ ഒരു കത്ത് നമ്മുടെ പേർക്കു കൊണ്ടുവന്നു തന്നു. എന്നാൽ അദ്ദേഹം ഇടപെട്ടു എന്നും മറ്റും നാം അറിഞ്ഞിരുന്നില്ലന്നും അതുകൊണ്ട് നാം എഴുതിയതാണെന്നും പറഞ്ഞു. ആയതിനാൽ അദ്ദേഹത്തിന്റെയും നിങ്ങളുടെയും അഭിപ്രായപ്രകാരം ചെയ്യുന്നതിനു നമുക്ക് വിരോധമില്ലെന്നും പറഞ്ഞയച്ചു. ശെമ്മാശന്മാർക്കു രണ്ടുപേർക്കും നാളെ കശ്ശീശാപട്ടം കൊടുക്കണമെന്ന് ആഗ്രഹിക്കുന്നു. അവർക്കു വേണ്ട ഉപദേശങ്ങളെല്ലാം കൊടുത്തു. വേറെ വിശേഷമൊന്നുമില്ല.

27 ഞായർ. കുണ്ടറ. രാവിലെ നമസ്കാരവും അതെ തുടർന്ന് നാം വി. കുർബാനയും ചൊല്ലി. കുർബാനമദ്ധ്യേ കൈപ്പട്ടൂർക്കാരൻ ദാനിയേൽ വറുഗീസു ശെമ്മാശനും തിരുവല്ലാക്കാരൻ കെ. സി. മാത്യു ശെമ്മാശനും കശ്ശീശാപട്ടം കൊടുത്തു. കുർബ്ബാന കഴിഞ്ഞു നാം അല്പസമയം പ്രസംഗിച്ചു. തടത്തിവിള കത്തനാരും ഹെഡ്മാസ്റ്റർ യാക്കോബ് കത്തനാരും കുർബ്ബാനയ്ക്കു സംബന്ധിച്ചിരുന്നു. ഒരു വലിയ ജനക്കൂട്ടം വി. കുർബ്ബാനയിലും മറ്റും സംബന്ധിച്ചു. അനന്തരം പുതിയ പട്ടക്കാരുടെ കൈകൾ എല്ലാവരും മുത്തി പിരിഞ്ഞുപോയി. അവരുടെ വകയായിട്ടുള്ള കാപ്പി സൽക്കാരവും ഉണ്ടായിരുന്നു. രണ്ടു പേരുടെയും മാതാപിതാക്കളും ബന്ധുക്കളും നമ്മെ വന്നു കണ്ടു. ഉച്ചകഴിഞ്ഞു തെങ്ങുവിള കത്തനാരും മുഖത്തലക്കാരൻ ഒരു ശെമ്മാശനും കൂടെ നമ്മെ വന്നു കണ്ടു. ഉടൻതന്നെ അധികം താമസിയാതെ തിരികെ പോയി. കോശി വാദ്ധ്യാരും ഇവിടെ വന്നിരുന്നു. തെങ്ങുവിള കാര്യങ്ങളൊന്നും തീർന്നില്ല എന്നും മറ്റുമുള്ള കാര്യങ്ങൾ പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

(തുടരും)

നൂറ്റാണ്ട് പിന്നിട്ട ഒരു സഫല ജീവിതം

പ്രിയ ജേക്കബ്

പ്രൊഫ. ജോസഫ് കെ അലക്സാണ്ടർ സാർ ശതാബ്ദിയുടെ നിറവിലാണ്. അത്മായ പ്രേഷിതത്വത്തിന്റെ അനുകരണീയ മാതൃക. മേപ്രാൽ കണിയാന്ത്ര അലക്സാണ്ടർ കോർ എപ്പിസ്കോപ്പായുടെ സീമന്ത പുത്രൻ 'എന്റെ ദൈവവും എന്റെ സഭയും' എന്ന ആപ്ത വാക്യവുമായി നൂറു കഴിഞ്ഞും നടന്നുനീങ്ങുന്നത് അതിശയമല്ല. ധനതത്വശാസ്ത്രത്തിൽ അഗ്രഗണ്യനായ അധ്യാപകൻ, ഉന്നത വിദ്യാഭ്യാസരംഗത്ത് തണ്ടിന്മേൽ ഉയർത്തിയ വിളക്കായിരുന്നു. കേരളത്തിലെ പ്രശസ്തമായ ഗവൺമെന്റ് കോളജുകളിൽ പ്രൊഫസർ, കോട്ടയം നാട്ടകം കോളജിന്റെ ആദ്യ പ്രിൻസിപ്പൽ, സാമ്പത്തിക ശാസ്ത്രത്തിൽ നിരവധി കൃതികളുടെ രചയിതാവ്, കോളേജിയേറ്റ് ഡയറക്ടറായി സ്തുത്യർഹമായ സേവനം. ജന്മം കൊണ്ടും കർമ്മം കൊണ്ടും പ്രശോഭിച്ച വ്യക്തിത്വം.


പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ വാൽസല്യ ശിഷ്യനായ ജോസഫ് സാർ അക്കാലത്ത് നടന്നിട്ടുള്ള മലങ്കര സുറിയാനി അസോസിയേഷന്റെ മുഖ്യ വരണാധികാരിയായി. അദ്ദേഹത്തിന്റെ സഭാ പരിജ്ഞാനവും നേതൃത്വ പാടവവും തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാനുള്ള ഇച്ഛാശക്തിയും ശ്രദ്ധേയമായിരുന്നു. തിരുവനന്തപുരം ഭദ്രാസനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനത്തിനും നടത്തിപ്പിനും മുഖ്യ കാര്യദർശിയായി. പ്രതിസന്ധികളിൽ അദ്ദേഹം ഉത്തരങ്ങളുമായി ഇറങ്ങിച്ചെന്നു. സഭാമാതാവിനോടുള്ള പ്രതിബദ്ധത പ്രശംസക്കോ കാര്യലാഭത്തിനോ, പ്രശസ്തിക്കോ അദ്ദേഹം വഴങ്ങിയില്ല. വാക്കിലും പ്രവർത്തിയിലും നടപ്പിലും എടുപ്പിലും കുലീനൻ.

'വദനം പ്രസാദ സദനം
സദയം ഹൃദയം സുധാ വചോ വാച:
കരണം പരോപകരണം
യേഷാം കേഷാം നതേ വന്ദ്യ'



പ്രൊഫ. ജോസഫ് കെ അലക്സാണ്ടറുടെ ജന്മ ശതാബ്ദി സമ്മേളനത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും.

പ്രസന്നതയുടെ ഇരിപ്പിടമായ മുഖം, ദയാപൂർണമായ ഹൃദയം, മധുരമായ വാക്ക്, അന്യർക്കുവേണ്ടി പ്രവർത്തിക്കുന്ന കരങ്ങൾ ഇങ്ങനെയുള്ളവരെ ആരാണ് മാനിക്കാത്തത്. ഈ വരികൾ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ സാറിനുള്ള ശതാബ്ദി അർപ്പണമാണ്.



പുണ്യശ്ലോകനായ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി 1944-ൽ കോട്ടയത്ത് ഏലിയാ ചാപ്പലിൽ നടന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസിൽ കണ്ടെത്തിയ വളർത്തു പുത്രനായിരുന്നു ജോസഫ് സാർ.

തിരുമേനിയെ അനുസ്മരിച്ച് അദ്ദേഹം എഴുതിയ ലേഖനത്തിന്റെ തലക്കെട്ടു തന്നെ 'വളർത്തച്ഛൻ' എന്നാണ്. പിന്നീട് പ്രൊഫ. ജോസഫ് കെ അലക്സാണ്ടർ സാറിന്റെ ജീവചരിത്രം വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയാവുകയാണ്.

തിരുമേനിയുടെ വിദ്യാഭ്യാസ ദർശനം തന്റെ നിയോഗവും ഉൾവിളിയും ആണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. നൂറിന്റെ നിറവിലും അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനവുമായുള്ള ബന്ധം തുടരുന്നു. വിദ്യാർത്ഥി പ്രസ്ഥാനം ആരംഭിച്ച പ്രീ. എസ്.എസ്.എൽ.സി. വിദ്യാഭ്യാസ മാർഗനിർദ്ദേശക ക്യാമ്പിന്റെ ജനകനും നിർവാഹകനും അദ്ദേഹമായിരുന്നു. ഈ ക്യാമ്പിൽ അദ്ദേഹം ആയിരക്കണക്കിന വിദ്യാർത്ഥികൾക്ക് കുഞ്ഞുടുപ്പുകൾ തുന്നിയെടുത്തു. ആ ഉടുപ്പുകൾ ധരിച്ചവരൊക്കെ സുന്ദരന്മാരും സുന്ദരികളുമായി മാറി. എത്രയെത്ര ഉദാഹരണങ്ങളാണ് പൊതുസമൂഹത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളത്. ഇന്ന് വിവിധ രംഗങ്ങളിൽ കാണുന്ന മാർഗനിർദ്ദേശക ക്ലാസുകളുടെ തലതൊട്ടപ്പൻ ആണ് ഈ മഹാനുഭാവൻ. സഭയുടെ ശോഭനമായ ഭാവിയെ സ്വപ്നം കാണുന്ന ഈ അത്മായ ഗുരു സഭയുടെ ഏറ്റവും വലിയ വിഭവ ശേഷിയായ പുതുതലമുറയെ സഭാഗാത്രത്തോട് ചേർത്തുനിർത്തുവാനും ആരാധനയിലും ജീവിതശൈലിയിലും വിദ്യാഭ്യാസരംഗത്തും അവർ ഔന്നത്യത്തിലെത്തുവാനും ബദ്ധ ശ്രദ്ധ പുലർത്തി. വാർദ്ധക്യത്തിന്റെ നിഴൽ വീണ കാലഘട്ടത്തിലും ക്യാമ്പിന്റെ പരിമിതമായ സൗകര്യങ്ങളിൽ വിദ്യാർത്ഥികൾക്കൊപ്പം താമസിച്ച് ക്രിസ്തീയ കാര്യവിചാരകനായി മാതൃകയോടെ പ്രവർത്തിച്ചു. അന്ന് ക്യാമ്പിൽ കണ്ടുമുട്ടിയ ആയിരക്കണക്കിന് വിദ്യാർത്ഥികൾ സഭയോടും സമൂഹത്തോടും വിശ്വസ്തരായി കഴിയുന്നത് ശതാബ്ദിയിൽ അദ്ദേഹത്തിന നിറമുള്ള കാഴ്ചയായിരിക്കും. കമ്പ്യൂട്ടർ കേരളത്തിലെ യുവതലമുറ കൈകാര്യം ചെയ്യും മുമ്പ് അദ്ദേഹത്തിന വഴങ്ങി. എം.ജി.ഒ.സി.എസ്.എം. ന്റെ ജനറൽ അസംബ്ലിയിൽ അദ്ദേഹം അവതരിപ്പിക്കുന്ന കണക്കുകൾ അവയുടെ പകർപ്പുകൾ ഇവയൊക്കെ കമ്പ്യൂട്ടറുമായുള്ള ചങ്ങാത്തത്തിൽ നിന്നായിരുന്നു. ദൂരെനിന്നു കണ്ടപ്പോഴുള്ള ആദരവിനെക്കാൾ പാതിന്മടങ്ങ് അദ്ദേഹത്തെ അടുത്തു കണ്ടപ്പോൾ അനുഭവവേദ്യമായി. ഇന്നും ഒരു ഗുരുപൂജയായി മനസ്സിൽ സൂക്ഷിക്കുന്നു. ഇതൊരു സർവ്വസാധാരണമായ സംഗതിയല്ല. ദൂരെ നിന്നു കാണുന്ന വലിയവർ പലരും സമീപസ്ഥരാകുമ്പോൾ അവർ നമ്മെ നിരാശരാക്കാറുണ്ട്.

'The spiritual Banyan Tree' എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രമടങ്ങിയ പുസ്തകം അദ്ദേഹത്തിന്റെ സ്വന്തമാണ്. സ്റ്റീഫൻ കോവി എന്ന ചിന്തകൻ പറയുന്നു, What is this life for to live to love, to learn, To leave a legacy.

നൂറിന്റെ നിറവിൽ ഒരു പൈതൃകം സമ്മാനിക്കുന്ന ഒലീവ് തൈകളുടെ കാവൽക്കാരനു പ്രണാമം.

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

അഥല്യാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





ഇസ്രായേൽ ഭരണാധികാരികളായ ആഹാബിന്റെയും ഈസേബെലിന്റെയും മകളും യഹൂദയിലെ രാജാവായ യോരാമിന്റെ ഭാര്യയുമായിരുന്നു അഥല്യാ. യഹൂദയിൽ കുറച്ചുകാലം ഭരിച്ച അഹസ്യാവിന്റെ അമ്മയായി അവൾ. അഹസ്യായുടെ മരണശേഷം, അഥല്യാ അധികാരം പിടിച്ചെടുക്കുകയും യഹൂദയെ ഭരിക്കുന്ന ഏക സ്ത്രീയായി മാറുകയും ചെയ്തു (2 രാജാക്കന്മാർ 11). ജ്ഞാനത്തോടും നീതിയോടും കൂടി ഭരിക്കുന്നതിനുപകരം, അവൾ മാതാപിതാക്കളുടെ ദുഷ്ട വഴികൾ പിന്തുടർന്നു. നേതാക്കൾ ദൈവത്തെ നിരസിക്കുമ്പോൾ എന്ത് സംഭവിക്കുമെന്നതിന്റെ ഒരു മുന്നറിയിപ്പും ദൈവത്തിന്റെ വിശ്വസ്തതയുടെ ഓർമ്മപ്പെടുത്തലും കൂടിയാണ് അഥല്യയുടെ ജീവിതം. അവളുടെ ഭരണം ഹ്രസ്വകാലമായിരുന്നു. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ ഒരിക്കലും തടയാൻ കഴിയില്ലെന്ന് അവളുടെ പതനം നമ്മെ പഠിപ്പിക്കുന്നു.

1. അതിമോഹവും അധികാരമോഹവും

അഥല്യായുടെ ആദ്യത്തെ പ്രധാന സ്വഭാവം അവളുടെ ശക്തമായ ആഗ്രഹമായിരുന്നു. അവളുടെ മകൻ അഹസ്യാ രാജാവ് മരിച്ചപ്പോൾ, സിംഹാസനം ഏറ്റെടുക്കാനുള്ള അവസരം അവൾ കണ്ടു. ദാവീദിന്റെ രാജകുടുംബത്തിലെ ശരിയായ അവകാശികളെ ഭരിക്കാൻ അനുവദിക്കുന്നതിനു പകരം, അവൾ സ്വയം സിംഹാസനം പിടിച്ചെടുത്തു.

നീതിയോ ജനസേവനമോ അല്ല അവളുടെ ആഗ്രഹത്തെ നയിച്ചത്, മറിച്ച് നിയന്ത്രണത്തിനും അധികാരത്തിനുമുള്ള സ്വാർത്ഥമായ ആഗ്രഹമായിരുന്നു. 'അഹസ്യാവിന്റെ അമ്മയായ അഥല്യ തന്റെ മകൻ മരിച്ചുപോയി എന്ന് കണ്ടപ്പോൾ എഴുന്നേറ്റ് രാജസന്തതിയെ ഒക്കെയും നശിപ്പിച്ചു' (2 രാജാക്കന്മാർ 11:1) അനിയന്ത്രിതമായ ആഗ്രഹം ഒരു വ്യക്തിയെ വലിയ തിന്മയിലേക്ക് നയിക്കുമെന്ന് ഇത് നമ്മെ കാണിക്കുന്നു.

ആഗ്രഹം അതിൽത്തന്നെ തെറ്റല്ല. അത് നമ്മെ കഠിനാധ്വാനം ചെയ്യാനും നമ്മുടെ ജീവിതം മെച്ചപ്പെടുത്താനും ദൈവത്തെ വിശ്വസ്തതയോടെ സേവിക്കാനും പ്രേരിപ്പിക്കും. എന്നാൽ അത് സ്വാർത്ഥവും ദൈവവിരുദ്ധവുമാകുമ്പോൾ ആഗ്രഹം ദുരാഗ്രഹമായി മാറുകയും അത് വലിയ അപകടത്തിലേക്ക് വഴി തെളിയിക്കുകയും ചെയ്യും. അഥല്യയുടെ ആഗ്രഹം ദൈവഹിതത്തിലല്ല, സ്വയം കേന്ദ്രീകരിച്ചായിരുന്നു. ക്രിസ്തുവിന്റെ അനുയായികളെന്ന നിലയിൽ, യേശുവിന്റെ വാക്കുകൾ നാം ഓർമ്മിക്കണം: "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്തായി 6:33).

2. അധികാരം അനുഗ്രഹിക്കുവാനായി

അഥല്യയുടെ ആഗ്രഹങ്ങൾ അവളുടെ സ്വഭാവവുമായി ബന്ധപ്പെട്ടിരുന്നു. തന്റെ അധികാരം ഉറപ്പാക്കാൻ, എല്ലാ രാജകീയ അവകാശികളെയും കൊല്ലാൻ അഥല്യ ഉത്തരവിട്ടു. ഇവർ പേരക്കുട്ടികൾ ഉൾപ്പെടെ അവളുടെ സ്വന്തം കുടുംബാംഗങ്ങളായിരുന്നു. ഈ അക്രമ പ്രവൃത്തി അവളുടെ ക്രൂരമായ സ്വഭാവവൈകൃതത്തെ വെളിപ്പെടുത്തുന്നു. അവൾ തന്റെ അമ്മയായ ഈസേബെലിനോട് സാമ്യമുള്ളവളായിരുന്നു, അവൾ ആഗ്രഹിച്ചത് നേടാൻ വേണ്ടി കൊലപാതകവും ഉപയോഗിച്ചു. സ്നേഹത്തിനും നീതിക്കും മുകളിൽ അധികാരം പ്രതിഷ്ഠിക്കുമ്പോൾ ഒരു വ്യക്തിക്ക് എത്രത്തോളം അധഃപ്പതിക്കുവാൻ കഴിയുമെന്ന് അഥല്യയുടെ ക്രൂരത നമ്മെ ഓർമ്മിപ്പിക്കുന്നു.

കൊലപാതകം പോലുള്ള തീവ്രമായ രൂപങ്ങളിൽ ക്രൂരത എല്ലായ്പ്പോഴും പ്രത്യക്ഷപ്പെടണമെന്നില്ല, പക്ഷേ മറ്റുള്ളവരോട് പരുഷമായ വാക്കുകൾ, ദയയില്ലാത്ത പ്രവൃത്തികൾ അല്ലെങ്കിൽ സ്വാർത്ഥ തീരുമാനങ്ങൾ എന്നിവയിലൂടെ നാം പെരുമാറുന്ന രീതിയിൽ അത് പ്രത്യക്ഷപ്പെടാം. ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു: "നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചത് പോലെ അന്യോന്യം ക്ഷമിപ്പിൻ" (എഫെസ്യർ 4:32). അഥല്യായിൽ നിന്ന് വ്യത്യസ്തമായി, നമ്മുടെ സ്വാധീനവും അധികാരവും ഉപയോഗിച്ച് മറ്റുള്ളവരെ ഉപദ്രവിക്കാനല്ല, അനുഗ്രഹിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

3. ആധുനിക വിഗ്രഹങ്ങളും പുരാതന മുന്നറിയിപ്പുകളും

അഥല്യാ അതിമോഹവും ക്രൂരതയും മാത്രമല്ല, വിഗ്രഹാരാധനയും ഉള്ളവളായിരുന്നു. ആഹാബിന്റെയും ഈസേബെലിന്റെയും വീട്ടിൽ നിന്ന് വന്ന അവൾ ബാൽ ആരാധന യഹൂദയിലേക്ക് കൊണ്ടുവന്നു. സത്യദൈവത്തെ ആരാധിക്കാൻ ആളുകളെ നയിക്കുന്നതിനുപകരം, അതിൽ നിന്ന് പിന്തിരിയാൻ അവൾ അവരെ പ്രോത്സാഹിപ്പിച്ചു. അവൾ യഹോവയുടെ ആലയം പോലും അശുദ്ധമാക്കി.

"ദുഷ്ട സ്ത്രീയായ അഥല്യയുടെ പുത്രന്മാർ ദേവാലയം പൊളിച്ചു കളഞ്ഞു. യഹോവയുടെ ആലയത്തിലെ സകല നിവേദിതങ്ങളെയും ബാൽവിഗ്രഹങ്ങൾക്ക് കൊടുത്തുവല്ലോ" (2 ദിനവൃത്താന്തം 24:7) നേതാക്കൾ ദൈവത്തിൽ നിന്ന് പിന്തിരിയുന്നത് എത്ര അപകടകരമാണെന്ന് അവളുടെ ദുഷ്ട സ്വാധീനം കാണിക്കുന്നു. വിഗ്രഹാരാധന എല്ലായ്പ്പോഴും വ്യക്തികൾക്കും ജനതകൾക്കും നാശം വരുത്തുന്നു.

ഇന്നത്തെ വിഗ്രഹാരാധന എല്ലായ്പ്പോഴും പ്രതിമകളുടെയോ വ്യാജ ദൈവങ്ങളുടെയോ രൂപമെടുക്കണമെന്നില്ല, എന്നാൽ നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ സ്ഥാനം പിടിക്കുന്ന പണം, ശക്തി, പ്രശസ്തി അല്ലെങ്കിൽ ആനന്ദം, ഇങ്ങനെ എന്തും ഒരു വിഗ്രഹമായി മാറാം. അഥല്യായുടെ വിഗ്രഹാരാധന ഒരു ജനതയെ നശിപ്പിച്ചു. ദൈവത്തിനു മുകളിൽ മറ്റു കാര്യങ്ങൾക്ക് പ്രാധാന്യം നൽകിയാൽ നമ്മുടെ ജീവിതവും ദുഷിക്കപ്പെടും. ബൈബിൾ പറയുന്നു: "കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ." (1 യോഹന്നാൻ 5:21).

4. ഭയം ദുർബലപ്പെടുത്തുന്നു, വിശ്വാസം ബലപ്പെടുത്തുന്നു

അഥല്യാ ശക്തയായി തോന്നിയെങ്കിലും, അവളുടെ പ്രവൃത്തികൾ ആഴമായ ഭയവും അരക്ഷിതാവസ്ഥയും വെളിപ്പെടുത്തി. ആരെങ്കിലും തന്റെ അധികാരത്തെ വെല്ലുവിളിക്കുമെന്ന് ഭയന്നാണ് അവൾ രാജകീയ അവകാശികളെ കൊന്നത്.

അവളുടെ ഭരണം ദൈവത്തിലുള്ള ആത്മവിശ്വാസത്തിലോ വിശ്വാസത്തിലോ അല്ല, മറിച്ച് അധികാരം നഷ്ടപ്പെടുമോ എന്ന ഭയത്തിലാണെന്ന് ഇത് കാണിക്കുന്നു. ഭയത്തിലും അക്രമത്തിലും ആശ്രയിക്കുന്ന നേതാക്കൾക്ക്

ഒരിക്കലും യഥാർത്ഥ സുരക്ഷയില്ല. നേരെമറിച്ച്, ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് സമാധാനത്തോടെയും സ്ഥിരതയോടെയും ഭരിക്കാൻ കഴിയും. അഥല്യായുടെ അരക്ഷിതാവസ്ഥ അവളെ മറ്റുള്ളവരെ നശിപ്പിക്കാൻ പ്രേരിപ്പിച്ചു, പക്ഷേ ഒടുവിൽ അത് അവളുടെ സ്വന്തം നാശത്തിലേക്ക് നയിച്ചു.

ദൈവത്തിന് കീഴടങ്ങാത്തപ്പോൾ ഭയം പലപ്പോഴും പാപത്തിലേക്ക് നയിക്കുന്നു. നിയന്ത്രണം, ബഹുമാനം അല്ലെങ്കിൽ സ്വാധീനം നഷ്ടപ്പെടുമെന്ന് ഭയപ്പെടുന്നതിനാൽ പലരും കഠിനമായി പ്രവർത്തിക്കുന്നു അല്ലെങ്കിൽ സ്വാർത്ഥപരമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നു. എന്നാൽ ബൈബിൾ പറയുന്നു: "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്." (2 തിമോത്തി 1:7). യഥാർത്ഥ സുരക്ഷിതത്വം അധികാരത്തിൽ മുറുകെ പിടിക്കുന്നതിലല്ല, മറിച്ച് ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നതിലാണ്.

5. ദുഷ്ടതയുടെ പതനവും വാഗ്ദത്ത രാജാവിന്റെ ഉദയവും

അഥല്യാ ആറു വർഷം യഹൂദയിൽ ഭരിച്ചു. ഈ സമയത്ത്, ദൈവത്തിന്റെ പദ്ധതി നിശബ്ദമായി പ്രവർത്തിച്ചു. പുരോഹിതനായ യെഹോയാദയും ഭാര്യയും ദാവീദിന്റെ സിംഹാസനത്തിന് അവകാശപ്പെട്ട കുട്ടിയായ യോവാശിനെ ഒളിപ്പിച്ചു. 'അവൻ രാജകുമാരനെ പുറത്തുകൊണ്ടുവന്നു കിരീടം ധരിപ്പിച്ചു സാക്ഷ്യപുസ്തകവും അവനു കൊടുത്തു. ഇങ്ങനെ അവർ അവനെ രാജാവാക്കി അഭിഷേകം ചെയ്തിട്ട് കൈകൊട്ടി രാജാവേ ജയ ജയ എന്ന് ആർത്തു. അഥല്യ അകമ്പടികളുടെയും ജനത്തിന്റെയും ആരവം കേട്ട് യഹോവയുടെ ആലയത്തിൽ ജനത്തിന്റെ അടുക്കൽ വന്നു ആചാരപ്രകാരം തൂണിന്റെ അരികെ രാജാവും രാജാവിന്റെ അടുക്കൽ പ്രഭുക്കന്മാരും കാഹളക്കാരും നിൽക്കുന്നതും ദേശത്തെ ജനം ഉല്ലസിച്ച് കാഹളം ഊതുന്നതും കണ്ടിട്ട് അഥല്യ വസ്ത്രം കീറി ദ്രോഹം ദ്രോഹം എന്ന് പറഞ്ഞു. അപ്പോൾ യഹോയാദാ പുരോഹിതൻ പടനായകൻമാരായ ശതാധിപന്മാർക്ക് കൽപ്പന കൊടുത്തു "അവളെ അണികളിൽ കൂടി പുറത്തുകൊണ്ടുപോകുവിൻ അവളെ അനുഗമിക്കുന്നവനെ വാൾ കൊണ്ട് കൊല്ലുവിൻ" എന്ന് അവരോട് പറഞ്ഞു യഹോവയുടെ ആലയത്തിൽ വച്ച് അവളെ കൊല്ലരുത് എന്ന് പുരോഹിതൻ കൽപ്പിച്ചിരുന്നു. അവർ അവൾക്ക് വഴി ഉണ്ടാക്കിക്കൊടുത്തു അവൾ കുതിരവാതിൽ വഴിയായി രാജധാനിയിൽ എത്തിയപ്പോൾ അവളെ അവിടെ വച്ച് കൊന്നുകളഞ്ഞു. അനന്തരം അവർ യഹോവയുടെ ജനം ആയിരിക്കുമെന്ന് യഹോയാദ യഹോവയ്ക്കും രാജാവിനും ജനത്തിനും മധ്യേയും രാജാവിനും ജനത്തിനും മധ്യേയും നിയമം ചെയ്തു പിന്നെ ദേശത്തെ ജനം ഒക്കെയും ബാൽ ക്ഷേത്രത്തിൽ ചെന്ന് അത് ഇടിച്ച് അവന്റെ ബലിപീഠങ്ങളും വിഗ്രഹങ്ങളും ആശേഷം ഉടച്ചുകളഞ്ഞു. ബാലിന്റെ പുരോഹിതനായ മത്ഥാനെ ബലിപീഠങ്ങളുടെ മുമ്പിൽ വച്ച് കൊന്നുകളഞ്ഞു. പുരോഹിതൻ യഹോവയുടെ ആലയത്തിൽ കാര്യവിചാരകന്മാരെയും നിയമിച്ചു. അവൻ ശതാധിപന്മാരെയും കാര്യരെയും അകമ്പടികളെയും ദേശത്തെ സകല ജനത്തേയും വിളിച്ചുകൂട്ടി രാജാവിനെ യഹോവയുടെ ആലയത്തിൽ നിന്ന് ഇറക്കി അകമ്പടികളുടെ പടിവാതിൽ വഴിയായി രാജധാനിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവൻ രാജാസനം പ്രാപിച്ചു. ദേശത്തിലെ സകലജനവും സന്തോഷിച്ചു. നഗരം സ്വസ്ഥമായിരുന്നു അഥല്യയെ അവർ രാജധാനിക്കരികെ വെച്ച് വാൾ കൊണ്ട് കൊന്നുകളഞ്ഞു' (2 രാജാക്കന്മാർ 11:12–20)

യോവാശിന് പ്രായപൂർത്തിയായപ്പോൾ, യെഹോയാദ അവനെ പുറത്തു കൊണ്ടുവന്ന് രാജാവായി കിരീടധാരണം ചെയ്തു. ജനം സന്തോഷിച്ചു, തന്റെ ശക്തി നഷ്ടപ്പെട്ടുവെന്ന് അഥല്യാ മനസ്സിലാക്കി. അവൾ വസ്ത്രം കീറി "ദ്രോഹം! ദ്രോഹം!" എന്ന് വിളിച്ചു പറഞ്ഞു. എന്നാൽ ദാവീദുമായുള്ള ദൈവത്തിന്റെ ഉടമ്പടിക്കെതിരായ രാജ്യദ്രോഹക്കുറ്റത്തിന് അവൾ തന്നെ കുറ്റക്കാരിയായിരുന്നു. അവളെ ക്ഷേത്രപ്രദേശത്ത് നിന്ന് പുറത്താക്കി വധിച്ചു. അവളുടെ അക്രമാസക്തമായ ജീവിതം അക്രമത്തിൽ അവസാനിച്ചു. ദുഷ്ടശക്തി ഒരിക്കലും നിലനിൽക്കില്ലെന്ന് അവളുടെ ഹ്രസ്വമായ ഭരണം കാണിക്കുന്നു, പക്ഷേ ദൈവത്തിന്റെ വാഗ്ദാനങ്ങൾ എന്നും ഉറച്ചുനിൽക്കുന്നു.

തിന്മ കുറച്ച് കാലത്തേക്ക് വിജയിക്കുന്നതായി തോന്നിയേക്കാം, പക്ഷേ അത് ഒരിക്കലും നിലനിൽക്കില്ല. ദൈവത്തിന്റെ വചനവും അവന്റെ വാഗ്ദാനങ്ങളും എന്നേക്കും നിലനിൽക്കുന്നു. ദാവീദിന്റെ വംശപരമ്പരയെ നശിപ്പിക്കാൻ അഥല്യാ ശ്രമിച്ചു, പക്ഷേ ദൈവം യോവാശിലൂടെ അത് സംരക്ഷിച്ചു, കാരണം അവൻ ദാവീദിന് ഒരു നിത്യസിംഹാസനം വാഗ്ദാനം ചെയ്തിരുന്നു. ഇത് നമ്മെ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്നു, അവന്റെ രാജ്യം ഒരിക്കലും അവസാനിക്കില്ല. "അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല." (യെശയ്യാവ് 9:7).

അഥല്യായുടെ ജീവിതവും ഭരണവും അവളുടെ സ്വഭാവങ്ങൾ വെളിപ്പെടുത്തുന്നു: അവൾ അതിമോഹിയും, ക്രൂരയും, വിഗ്രഹാരാധകയും, ഭയങ്കരിയും, അഴിമതിക്കാരിയുമായിരുന്നു. അവൾ തന്റെ മാതാപിതാക്കളായ ആഹാബിന്റെയും ഈസേബെലിന്റെയും കാൽപ്പാടുകൾ പിന്തുടർന്ന് അവരുടെ ദുഷ്ടത യഹൂദയിലേക്ക് കൊണ്ടുവന്നു.

എന്നിരുന്നാലും, അവളുടെ ജീവിതം മനുഷ്യ പരാജയത്തെക്കുറിച്ചു മാത്രമല്ല; ദൈവത്തിന്റെ വിശ്വസ്തതയെയും കാണിക്കുന്നു. ദാവീദിന്റെ രാജകീയ പരമ്പരയെ നശിപ്പിക്കാൻ അഥല്യാ ശ്രമിച്ചെങ്കിലും, യോവാശിലൂടെ ദൈവം അത് സംരക്ഷിച്ചു. ഒരു മനുഷ്യശക്തിക്കും ദൈവത്തിന്റെ പദ്ധതിയെ തടയാൻ കഴിയില്ലെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. "ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്ക് ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നും യഹോവ ദാവീദിനോട് ആണയിട്ടു സത്യം. അവൻ അതിൽ നിന്ന് മാറുകയില്ല." (സങ്കീർത്തനം 132:11)

അഥല്യായുടെ ഭരണം താൽക്കാലികമായിരുന്നു, പക്ഷേ ദൈവത്തിന്റെ ഉടമ്പടി ശാശ്വതമാണ്. ആത്യന്തികമായി, നിത്യരാജാവിന്റെ വാഗ്ദാനം ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിൽ നിറവേറ്റി. അഥല്യായിൽ നിന്ന് വ്യത്യസ്തമായി, അവൻ നീതിമാനായ ഒരു രാജാവാണ്, കരുണയും സത്യവും നിത്യസ്നേഹവും നിറഞ്ഞവനാണ്.



അങ്കമാലി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ആലുവ തൃക്കുന്നത്ത് സെമിനാരിയിലും ആലുവ YMCA ക്യാമ്പിലും വെച്ച് 13 വയസിനും 18 വയസിനും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കായി നടത്തിയ ലഹരി വിരുദ്ധ യുവജ്യോതി ക്യാമ്പ് ഭദ്രാസന മെത്രാപ്പോലിത്താ യൂഹാനോൻ മാർ പോളികാർപ്പോസ് ഉദ്ഘാടനം ചെയ്തു.

പ്രൊഫ. എം. എസ്. സാറാമ്മയ്ക്ക് നഴ്സിംഗിൽ ഡോക്ടറേറ്റ്



അടൂർ - ചായലോട് മൗണ്ട് സിയോൺ നഴ്സിംഗ് കോളജിന്റെ പ്രിൻസിപ്പലായ അടൂർ-കരുവാറ്റ കൂടാരത്തിൽ പ്രൊഫ. എം. എസ്. സാറാമ്മയ്ക്ക്, ഇൻഡോർ മൽവാഞ്ചൽ യൂണിവേഴ്സിറ്റിയിൽ നിന്ന് നഴ്സിംഗിൽ ഡോക്ടറേറ്റ് ലഭിച്ചു. ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിലിന്റെ ഭാര്യയാണ്. അടൂർ കരുവാറ്റ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



വാങ്ങിപ്പിനുശേഷം നാലാം ഞായർ

(വി. മർക്കോസ് 6:1–6)

ഫാ. മോൻസി ഫിലിപ്പ്

സ്വന്തം നാട്ടിലെ സ്വന്തം ആളുകളുടെ തിരസ്കരണം വേദനയാണ്. അവിശ്വാസം അദ്ഭുതങ്ങൾക്ക് തടസ്സം. ഇത് ഓർമ്മിപ്പിക്കുന്ന വേദഭാഗമാണ് ഇന്നത്തെ വായന (വി. മർക്കോസ് 6:1–6). യേശുവും തന്റെ ശിഷ്യന്മാരും നസ്രത്തിൽ എത്തുന്നു. യേശു ശാബതിൽ പള്ളിയിൽ ഉപദേശം നൽകുന്നു. ഉപദേശത്തിൽ ചിലർക്ക് വിസ്മയം. ഇവന് ഈ ജ്ഞാനവും, ഇവന്റെ കയ്യാൽ നടക്കുന്ന അത്ഭുതവും എങ്ങനെ നടക്കുന്നു, ഇത് എങ്ങനെ സംഭവിക്കുന്നു എന്ന് ആശ്ചര്യപ്പെട്ടു. ഇവൻ മറിയയുടെ മകൻ, യാക്കോബ്, യോസെ, യൂദാ, ശിമോൻ എന്നിവരുടെ സഹോദരൻ, തച്ചൻ എന്ന് പറഞ്ഞ് യേശുവിന്റെ ജ്ഞാനവും വീര്യപ്രവൃത്തികളും അംഗീകരിക്കുവാൻ സ്വന്തം ജനങ്ങൾ തയ്യാറായില്ല. "ഒരു പ്രവാചകനും സ്വന്തനാട്ടിലും ചാർച്ചക്കാരുടെ ഇടയിലും ബഹുമാനിതനാവാൻ പ്രയാസമാണെന്ന് യേശു ഓർമ്മിപ്പിക്കുന്നു. അവരുടെ അവിശ്വാസം അത്ഭുതങ്ങൾ തടസ്സമായി, അവരുടെ അവിശ്വാസം മൂലം യേശു ആശ്ചര്യപ്പെട്ടു. ഇതാണ് വേദഭാഗസാരം.

വേദഭാഗ ചിന്തകൾ

(1) സ്വന്തം നാട്ടിലെ നിരാകരണം

വി. മർക്കോസ് 6:1–4

യേശുവിന്റെ പിതൃനഗരമായ നസറത്ത്. സ്വന്തം ദേശം. ബാല്യം മുതൽ വളർന്ന സ്ഥലം. ഗലീലത്തടാകത്തിൽ നിന്നു നസ്രത്തിലേക്ക് ഉദ്ദേശം 40 കി. മീ. ദൂരം. ഗലീലയിലെ ഒരു ചെറുപട്ടണം. യേശുവിന്റെ ബാല്യം യൗവ്വനം ഇവിടെ ഇവിടുത്തെ ജനങ്ങളോടും, സംസ്കാരത്തോടും, ഒപ്പം. (വി.മത്തായി 2:23, വി. ലൂക്കോസ് 2:39–40). യേശുവിന്റെ പ്രവർത്തനങ്ങൾ അധികമായി നടന്നിരുന്ന കഫർന്നഹൂമിൽ നിന്ന് വിദൂരമല്ലാത്ത സ്ഥലമായിരുന്നു നസ്രത്ത്. യേശു കഫർന്നഹൂമിൽ ചെയ്ത നിരവധി അത്ഭുതങ്ങളെപ്പറ്റി അവർക്കറിവുണ്ടായിരുന്നു. എന്നിട്ടും യേശുവിനെ നിരാകരിക്കുന്ന സമൂഹം. അത് അങ്ങനെയാണ് "മുറ്റത്തെ മുല്ലയ്ക്ക് മണം ഉണ്ടാകില്ലല്ലോ." "അംഗീകരിക്കാൻ കഴിയാത്ത സമൂഹം ഇന്നിന്റെ ശാപമാണ്."

ക്രിസ്തുവിന് ഈ തിരസ്കരണം വേദനയായിട്ടുണ്ടാകാം, കാരണം അവൻ ദൈവത്വം, മനുഷ്യത്വവും ഉള്ളവനായിരുന്നല്ലോ. ക്രിസ്തുവിന്റെ വേദന അവൻ ദൈവീക സ്വഭാവത്തിലൂടെ മാറ്റിയിട്ടുണ്ടാകാം. എന്നാൽ ഭൗതീക മനുഷ്യന് ഇത്തിരി പ്രയാസമാണ് ചിലത് മറക്കാൻ.

"പലപ്പോഴും പരിചയം വിശ്വാസത്തെ തടസ്സപ്പെടുത്തുന്നു."

യേശുവിനെ സ്വന്തം നാട്ടിൽ സ്വന്തം ആളുകൾ. മനുഷ്യനായി മാത്രം കണ്ടു. ഇത് നസ്രത്തുകാർക്കു പറ്റിയ അബദ്ധം. അത്ഭുത പ്രവർത്തകനായ വിജ്ഞാനനിൽ നിന്ന് അനുഭവം പ്രാപിക്കേണ്ടതിനു പകരം വിമർശനമാണ്. അവരിഷ്ടപ്പെട്ടത് വി. ജറോം അവരെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "സർവ്വജ്ഞന് എവിടെ നിന്ന് ശക്തി ലഭിച്ചു" എന്നതാണ് അവർക്കു പറ്റിയ അബദ്ധം. ഏറ്റവും വലിയ അബദ്ധം അവർക്ക് പറ്റിയത്. "ഇവൻ തച്ചന്റെ മകനല്ലേ" എന്ന് അജ്ഞാനമാണ്.

സാധാരണക്കാരുടെ മക്കളല്ലേ അസാധാരണ വ്യക്തിത്വം കാണിച്ചത്.

1. ദാവീദിന്റെ പിതാവ് ഈശായി ഒരു സാധാരണക്കാരൻ.
2. ആമോസിന്റെ പിതാവ് ഒരു ആട്ടിടയൻ.

ഇത് ഒരു ഉദാഹരണം മാത്രം. അങ്ങനെ വി. ഗ്രന്ഥം സാക്ഷിക്കുന്ന എത്ര പേർ.

വി. അഗസ്തിനോസ് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.

"യേശുവിന്റെ പിതാവ് ഒരു വിധത്തിൽ പറഞ്ഞാൽ ഒരു തച്ചനല്ലേ? നോഹയുടെ പെട്ടകനിർമ്മാണത്തിന്റെ, മോശയുടെ സഭയിൽ കൂടാരത്തിന്റെ, സാക്ഷിപെട്ടകത്തിന്റെ പ്ലാൻ നിർമ്മിച്ചത് അദ്ദേഹമല്ലായിരുന്നോ? കഠിന മനസ്സുകൾക്ക് ചിന്തേരിടുന്നതും നിഗളികളെ മുറിച്ചു വീഴ്ത്തുന്നതും അദ്ദേഹമല്ലേ?"

"എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ. 41:1).

ഇത് നാം മറക്കരുത്. എളിയവനായി വന്ന ദൈവപുത്രനെ ആദരിക്കാത്തതിലൂടെ അവൻ ദൈവത്തെ അനാദരിക്കയാണ് ചെയ്തത്. ഇതു നാം വിസ്മരിക്കരുത്. ചെറുചിരിപോലും അംഗീകാരത്തിന്റെ മഹത്വം വിളിച്ചോതുന്നു.

"ദൈവത്തിന്റെ അദ്ഭുതങ്ങൾ കാണുകയും എന്നാൽ അവയെ ചെറുതാക്കി കാണുകയും ചെയ്യുന്നവർക്ക് അവയിൽ നിന്ന് ആത്മീയഫലം ഉണ്ടാകുകയില്ല." – സെന്റ് ജോൺ ക്രിസോസ്റ്റം

സ്വന്തം ജനത്തിന്റെ തിരസ്കരണം അത്ഭുതങ്ങൾക്കും തടസ്സമായി എന്ന് തന്നെ ചിന്തിക്കാം. കാരണം കർത്താവിന്റെ എളിമയിലും അവരുടെ വലിമയിലും അവർ അഹങ്കരിച്ചു. ക്രിസ്തു അവരുടെ തിരസ്കരണത്തിനുള്ള മറുപടിയായി ഇപ്രകാരം പറഞ്ഞു.

"ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്തം ഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു" (വി. മർക്കോസ് 6:4).

മനുഷ്യരുടെ ഇടയിൽ അധികം അടുത്തറിയപ്പെടുന്നവരുടെ ആത്മീയ മഹത്വം കാണാതെ പോകുന്നു.

"ക്രിസ്തുവിനെ അവന്റെ മനുഷ്യസ്വഭാവത്തിൽ മാത്രം കണ്ടവർ അവന്റെ ദിവ്യസ്വഭാവം കാണാൻ കഴിയാതെ പോയി. അവരുടെ കണ്ണ് കുരുടായിപോയി" – സെന്റ് സിറിൾ ഓഫ് അലക്സന്ദ്രിയ.

(2) അവിശ്വാസം ദൈവത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു

വി. മർക്കോസ് 6:5–6

ചില രോഗികൾക്ക് സൗഖ്യം നൽകിയതല്ലാതെ അധികം വീര്യപ്രവൃത്തികൾ യേശുതമ്പുരാൻ അവിടെ ചെയ്യുവാൻ കഴിഞ്ഞില്ല. കാരണം അവരുടെ അവിശ്വാസം. അതിൽ ക്രിസ്തു ആശ്ചര്യപ്പെട്ടു. കിട്ടാവുന്ന നേട്ടം അവർ നഷ്ടമാക്കി എന്നു വേണം പറയാൻ. അനേകം രോഗികൾ താൻമൂലം സൗഖ്യം പ്രാപിച്ചപ്പോൾ അവരുടെ രോഗികൾ നിരാശയിൽ കഴിഞ്ഞു.

ചിലവരുടെ അഹങ്കാരം മൂലം അനേകർ ഹതഭാഗ്യരായി കഴിഞ്ഞു. അത്ഭുതം ചെയ്യുവാൻ സാധിക്കാഞ്ഞത് തന്റെ ശക്തിയുടെ കുറവുകൊണ്ടല്ല. അനുഗ്രഹലബ്ധിക്കുള്ള ആഗ്രഹം അവർക്കില്ലായിരുന്നതിനാൽ.

"സ്വീകാരകന്റെ നീട്ടപ്പെട്ട കൈകളിലേക്കല്ലേ ദാതാവിന്റെ ദാനം എത്തുക."

ക്രിസ്തു വിശ്വാസത്തെപ്പറ്റി നമ്മേ പഠിപ്പിച്ചത് "കടുകുമണിയോളം" മതിയെന്നാണ്. എന്നാൽ അതുപോലും നമ്മിൽ ഇല്ല എന്നത് അല്ലേ വാസ്തവം. ഇന്നും നമ്മുടെ ചിന്തകളിൽ കൂടുതൽ "ഇത് സാധ്യമാകുമോ" എന്നല്ലേ.

"വിശ്വാസം ചെറുതായാലും അത്ഭുതങ്ങൾ നടക്കും. എന്നാൽ അവിശ്വാസം വലിയ അവസരങ്ങളെപോലും അടച്ചുപൂട്ടും."

"ഇങ്ങനെ അവിശ്വാസം നിമിത്തം അവർക്ക് പ്രവേശിപ്പാൻ കഴിഞ്ഞില്ല" (എബ്രായർ 3:19).

ഇസ്രായേല്യരുടെ അവിശ്വാസം മൂലം വാഗ്ദത്തദേശത്ത് കടക്കാൻ കഴിയാഞ്ഞതുപോലെ. നമ്മുടെ അവിശ്വാസം നിമിത്തം ചില വാതിലുകൾ അടയും തുറക്കാൻ പ്രയാസമാകും ഓർക്കണം.

രോഗം മാറാനാഗ്രഹമില്ലാത്ത രോഗിയെ എത്ര പ്രശസ്തനായ വൈദ്യനും സുഖപ്പെടുത്താൻ കഴിയുകയില്ല.

1. ഇത് എല്ലാക്കാലത്തും ഉള്ള സത്യമാണ്. മനസ്സില്ലായെങ്കിൽ സൗഖ്യം അസാദ്ധ്യം.
2. തെറ്റായ സാഹചര്യത്തിൽ യാതൊരു പ്രസംഗവും സാധിക്കുകയില്ല.
3. തെറ്റായ സാഹചര്യത്തിൽ സമാധാനം ഉണ്ടാക്കാൻ കഴികയില്ല.

മനുഷ്യർ ഒത്തൊരുമിച്ച് വെറുത്താൽ അവർ വെറുക്കും. മനുഷ്യർ ഒരുമിച്ചുകൂടി മനസ്സിലാക്കുന്നതിനെ വിരോധിച്ചാൽ അവർ തെറ്റിദ്ധരിക്കപ്പെടും. മനുഷ്യർ അവരുടെ കാഴ്ചപ്പാടല്ലാത്ത മറ്റൊരു ആശയങ്ങളും സ്വീകരിക്കുവാൻ തയ്യാറാകാത്തിടത്തോളം അവർ മറ്റൊന്നു കാണുന്നില്ല. എന്നാൽ മനുഷ്യർ കൂടി യേശുവിനെ സ്നേഹിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുന്നുവെങ്കിൽ എത്രയും വിഘേദിക്കപ്പെട്ടവനും അവനോടു ചേർന്നുവരും.

അവിശ്വാസം മൂലം ദൈവം നമ്മിൽ നിന്ന് അകന്നു പോകുന്നു.

ശമര്യക്കാരിയുടെ വിശ്വാസം നാം മാതൃകയാക്കണം. അതിൽ യേശു ആശ്ചര്യപ്പെട്ടു. ഇവിടെയും യേശു ആശ്ചര്യപ്പെടുന്നു. യഹൂദയുടെ അവഗണനയും അവിശ്വാസവും കണ്ടിട്ട് പലപ്പോഴും നമ്മുടെ അവിശ്വാസത്തിലും സങ്കടത്തോടെ ദൈവം ആശ്ചര്യപ്പെടുന്നുണ്ടാകാം.

"വിശ്വാസം മനുഷ്യന്റെ ആത്മാവിനെ തുറക്കുന്ന താക്കോൽ ആണ്. അവിശ്വാസം ഹൃദയത്തിന്റെ വാതിൽ അടയ്ക്കുന്നു. - ഓറിഗൻ

യേശു ആശ്ചര്യപ്പെട്ടത് മനുഷ്യരുടെ അടഞ്ഞ ഹൃദയങ്ങളെ കണ്ടാണ്.

പ്രായോഗിക സന്ദേശങ്ങൾ

(1) ദൈവത്തിന്റെ പ്രവർത്തനങ്ങളെ സാധാരണവൽക്കരിക്കരുത്

പലപ്പോഴും നമ്മുടെ ജീവിതത്തിലെ ചെറിയ സംഭവങ്ങൾ പോലും ദൈവത്തിന്റെ ഇടപെടലുകളാണ്.

(2) കുടുംബത്തിനുള്ളിലെ സാക്ഷ്യം

യേശുവിനെപ്പോലെ നമ്മേയും പലപ്പോഴും സ്വന്തം വീട്ടുകാർ തന്നെ നിരസിക്കും. എന്നാൽ സഹനവും പ്രാർത്ഥനയും അതിജീവനത്തിന്റെ വഴിയാണ്.

(3) വിശ്വാസത്തിന്റെ കണ്ണോടെ നോക്കുക

വി. കുർബ്ബാന, കൂദാശകൾ, സഭാപിതാക്കന്മാരുടെ എഴുത്തുകൾ, പ്രബോധനങ്ങൾ എല്ലാം ദൈവത്തിന്റെ ജീവശക്തി നിറഞ്ഞതാണ്.

(4) അവിശ്വാസത്തിന്റെ വിസ്മയം ഒഴിവാക്കുക

നമ്മുടെ ജീവിതത്തിൽ യേശുവിനെ വിസ്മയിപ്പിക്കുന്ന വിശ്വാസിയാകുക. വിസ്മയിപ്പിക്കുന്ന അവിശ്വാസിയെ ദൈവം വെറുക്കുന്നു.

❑




അഖില മലങ്കരബാലസമാജം 2025 വാർഷിക ക്യാമ്പിന്റെ ലോഗോ പ്രകാശനം പ്രസ്ഥാനം പ്രസിഡന്റ് ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ജേക്കബ് മണ്ണുംമൂടിനു നൽകി വളഞ്ഞവട്ടം സെന്റ് മേരീസ് പള്ളിയിൽ വെച്ച് നിർവഹിച്ചു.



യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് കുന്നംകുളം അഭയ ഭവൻ സന്ദർശിച്ച് സെന്റ് പോൾസ് ചാപ്പലിൽ പ്രാർത്ഥന നിർവഹിച്ചു.

പുസ്തകം



ചരിത്ര ഗവേഷണ രംഗത്തെ അപൂർവ്വ പ്രതിഭ
ഫാ. ഡോ. ജോസഫ് ചീരൻ അശീതി സ്മരണിക
സോഫിയാ ബുക്സ്, തിരുനക്കര, കോട്ടയം
വില: 200 രൂപ



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം സംഘടിപ്പിക്കുന്ന കേന്ദ്രതല യുവജനവാരാഘോഷ ഉദ്ഘാടന സമ്മേളനം ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് നടത്തപ്പെട്ടു. ചെങ്ങന്നൂർ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച സമ്മേളനം ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



Fourth Sunday After Shunoyo

Faith that Opens the Door to God's Power

(St. Mark 6:1–6)

Fr Aaron Joshua John

The Gospel passage from Mark 6:1–6 confronts us with a paradox: the Son of God, filled with authority and power, is rejected in His own hometown. Those who knew Jesus best, His family, His neighbours, failed to see Him for who He was. Their lack of faith "amazed" Jesus and limited the mighty works He could do among them. Today, the Church calls us to examine how our faith, or lack of it, either opens or closes the door to God's transforming power in our lives.

1. The Familiarity that Blinds

The people of Nazareth dismissed Jesus because they thought they knew Him: "Is this not the carpenter, the son of Mary?" Familiarity bred contempt, and they could not see beyond the ordinary. Similarly, Moses at the burning bush (Exodus 3:1–14) struggled to believe that God could use him, a shepherd in the wilderness, to deliver Israel. In Job's story (Job 1:1–5), we also encounter a man who feared God not out of overfamiliarity, but with deep reverence, offering sacrifices daily for his children. The contrast is striking: when we reduce the divine to what is familiar, we lose sight of God's mystery; but when we approach God with reverent awe, like Job, we open ourselves to His sanctifying presence.

This is a danger for us in the Church too. We hear the Gospel each week, we partake in the sacraments, and yet routine can dull our sense of wonder. Like the Nazarenes, we may know about Jesus but fail to know Him in faith.

2. Faith that Opens the Door to God's Power

Mark tells us that Jesus "could do no deed of power there… and He was amazed at their unbelief." Faith, therefore, is not merely intellectual assent but a posture of openness and obedience. Isaiah 1:16–20 reminds us that repentance, washing ourselves, seeking justice, and learning to do good, prepares us to receive God's promise: "Though your sins are like scarlet, they shall be like snow."

Jesus in Matthew 18 calls His disciples to childlike humility and warns against causing "little ones" to stumble. True faith, then, is humble dependence, not arrogance or self-sufficiency. St. Peter (1 Peter 2:1–5) exhorts us to lay aside malice and hypocrisy and become "living stones" built into a spiritual house. St. Paul (1 Corinthians 3:16–23) goes further, reminding us that the Spirit of God dwells in us, making us God's temple. When we embrace humility, repentance, and openness, we become vessels for God's power. Faith creates the conditions where miracles can take root, not necessarily in dramatic wonders, but in transformed lives, reconciled relationships, and communities built on Christ the cornerstone.

The tragedy of Nazareth was that Jesus stood among them, yet they missed Him. The same danger confronts us: to allow routine, pride, or unbelief to blind us to Christ's presence in our midst. But the readings invite us to the opposite: to see with the eyes of faith, to humble ourselves like children, to be purified by repentance, and to live as temples of the Holy Spirit.

May we not amaze Christ with our unbelief, but rather with our childlike trust and openness, so that His power may be at work in us, building us into His spiritual house and making us witnesses of His kingdom.

The Feast of the Holy Cross

Standing Firm in a Shaking World (St. Luke 21:5–28)

Today's Gospel places us before a scene where the disciples marvel at the beauty of the Temple, its stones and ornaments, but Jesus redirects their gaze to a deeper reality: "The days will come when not one stone will be left upon another" (v. 6). The Lord is not merely predicting destruction but teaching us how to live faithfully when what seems permanent is shaken. His words are both a warning and a consolation, reminding us that Christian discipleship is not about clinging to earthly securities, but about standing firm in the eternal hope of the Kingdom.

1. The Fall of Earthly Glory and the Call to Perseverance

The disciples were captivated by the grandeur of the Temple, a symbol of God's presence and national pride. But Jesus warns them that this earthly glory will not last. History confirms this with the fall of Jerusalem in AD 70, but the message extends to us as well: our securities, wealth, status, institutions—are not indestructible. When these "temples" fall, our faith is tested.

Christ does not promise escape from trials but calls us to perseverance, "By your endurance you will gain your souls" (v. 19). The Church Fathers remind us that endurance is not passive resignation but active faithfulness. St. John Chrysostom notes that in times of crisis, believers become living temples, bearing Christ's presence where buildings fall. Thus, when everything around us crumbles, the true disciple clings not to stones but to Christ, the Cornerstone.

2. The Nearness of Redemption in the Midst of Turmoil


Jesus describes wars, earthquakes, and persecutions, not as random tragedies but as birth pangs of the Kingdom. He urges His followers to "stand up and raise your heads, because your redemption is drawing near" (v. 28). Here lies the paradox of Christian hope: even in turmoil, God is at work. The Cross, which seemed like defeat, became the very means of salvation.

For us, this means that despair is never the last word. In times of personal loss, societal upheaval, or even when the Church undergoes trials, we are called to see beyond the chaos to the redeeming hand of God. The Holy Qurbana itself is our weekly assurance of this truth: in the broken bread and poured wine, we encounter the risen Lord, who turns suffering into glory and death into life.

Jesus' words in today's Gospel are not meant to terrify us but to anchor us in hope. The fall of earthly glory reminds us to build on Christ alone, and the nearness of redemption calls us to lift our heads in faith. As we continue in this Holy Qurbana, may we become witnesses of endurance and hope, temples not built by human hands but by the Spirit of God, awaiting the day when Christ's Kingdom will be revealed in fullness. ❑

മറുപുറം

ആകാശവും ഭൂമിയും



ഫാ. അജീഷ് ബാബു

തനിയെ വാർദ്ധകൃത്തിൽ സ്വന്തം വീട്ടിൽ താമസിക്കേണ്ടിവരുന്ന ഒരു മനുഷ്യന്റെ ജീവിതത്തെ എങ്ങനെ അടയാളപ്പെടുത്താം. എനിക്ക് തോന്നുന്നു അതാകുന്നു നരകം. നിലച്ചുപോകുന്ന ഓരോ ബന്ധങ്ങളിൽ നിന്നും നരകം മനുഷ്യൻ വല്ലാതെ കാർന്നുതിന്നുന്നു. മക്കളും ഭാര്യയും വിദേശത്ത് താമസിക്കുമ്പോൾ ആരും കൂട്ടില്ലാതെ സ്വന്തമായി നാട്ടിൽ താമസിക്കേണ്ടി വരുന്ന ഒരു മനുഷ്യന്റെ ജീവിതകഥ എം. ജി. ബാബു 'വ്യതിയാനം'എന്ന കഥ.

ബന്ധങ്ങളില്ലാത്ത വീട്ടിൽ ഒരു ദിവസം വീട് തങ്കച്ചനോട് സംസാരിക്കുന്നു. അത് മറ്റൊന്നിനെയും കുറിച്ചല്ല താൻ തനിയെ നശിക്കും എന്നുള്ളതിനെ ഓർമ്മപ്പെടുത്തികൊണ്ടാണ്.

കുറച്ചുനാളായി പുറത്ത് നല്ല മഴയാണ് ജനൽ അടച്ചിട്ടിരിക്കുകയുമാണ്. തണുപ്പു കാരണം ഈയിടെ ജനൽപ്പാളികൾ തുറക്കാറേയില്ല. ജനാലകൾ തുറന്നാൽ പുറത്തുനിന്ന് ഒച്ചുകൾ കൂട്ടത്തോടെ ഇഴഞ്ഞുവരും. അവ ഇഴഞ്ഞു പോവുന്നിടത്തെല്ലാം വെറുപ്പിക്കുന്ന ഈർപ്പം നിറഞ്ഞ രേഖ വരച്ചു. കണ്ണു വെട്ടിച്ച് വീടിനുള്ളിൽ പ്രവേശിക്കുന്ന ഒച്ചുകളെ തോണ്ടിയെടുത്ത് പുറത്തേക്കെറിയാൻ മാത്രമാണ് ജനൽപ്പാളികൾ തുറക്കുക. കുറച്ചുനാളുകളായി, ധാരാളം മുറികളുള്ള വീട്ടിൽ അയാൾ തനിയെ ആണ്. ആരുമില്ലാതെയാവുമ്പോഴാണ് വീട് നമ്മളോടു സംസാരിക്കുന്നത് കേൾക്കുക. ഒന്നുമില്ലാതെയാവുമ്പോൾ മുറി കളിൽക്കിടന്ന് വീട് മുഴങ്ങും. ചെവിയോർത്താൽ കേൾക്കാം, വീടിന്റെ സംസാരം.

“വീട്ടുകാരാ തങ്കച്ചാ, ഞാൻ നിങ്ങളെ വിട്ട് പോവുകയാണ്..” (മാതൃഭൂമി ആഴ്ചപ്പതിപ്പ്).

കഥയിൽ ഒരു മധ്യവർഗ്ഗ ക്രിസ്ത്യാനികളുടെ പേരും, ചുറ്റുപാടുകളും ആണ്. കാരണം മധ്യവർഗ്ഗ ക്രൈസ്തവസമൂഹത്തിന്റെ ജീവിതത്തിന്റെ ഭാഗമാണ് പ്രവാസികളായി തീരുന്ന കുടുംബാംഗങ്ങളും അവരുടെ ശേഷിപ്പുകളായി 'നരക ജീവിതം' അനുഭവിക്കുന്ന സ്വന്തം ദേശത്തെ കുറെ മനുഷ്യരും. ഇതിനിടയിൽ എല്ലാം നാം അറിയാതെ പോകുന്ന നമ്മെക്കുറിച്ചുള്ള ഒരു രഹസ്യമുണ്ട് അത് മറ്റൊന്നിനും പ്രതിയല്ല നമ്മുടെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ്. ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന മനുഷ്യർ, ജീവിത സാഹചര്യങ്ങൾ ഇവയെല്ലാം വളരെ വ്യത്യസ്തമാണ് പക്ഷേ അവിടെയെല്ലാം രൂപപ്പെടുന്ന സത്യങ്ങളും ശരികളും വ്യത്യസ്തമാണെന്ന് മാത്രം. മനുഷ്യന്റെ ജീവിതത്തിനനുസരിച്ച്, സാഹചര്യത്തിനനുസരിച്ച് ശരികൾ മാറിക്കൊണ്ടേയിരിക്കും, സത്യങ്ങൾ മാറുന്നില്ല. സത്യങ്ങൾ മറച്ചുവെച്ച് ശരികളിൽ സംതൃപ്തരാകുമ്പോൾ ജീവിതം ആഘോഷമാകും. ഇതിനിടയിൽ ഒരു യാഥാർത്ഥ്യം മറന്നുപോകരുത് നമ്മളെ ചുറ്റിപ്പറ്റി ഒരു നരകമുണ്ട്.

പിന്നിൽ ഒന്നൊന്നായി വലിഞ്ഞടയുന്ന വാതിലുകളുടെ മുഴക്കമാണ് ജീവിതം എന്ന് തോന്നിപ്പോകും. അടയുന്ന വാതിലുകളുടെ ശബ്ദം നാഡികൾക്ക് ചിലപ്പോഴൊക്കെ ചൂട് നൽകും അല്ലെങ്കിൽ സഹിക്കാവുന്നതിനപ്പുറമായ തണുപ്പും.

പ്രവാസത്തിലെ കിളിവാതിൽ

വേദം, പ്രവാസത്തിൽ കഴിഞ്ഞുകൂടിയ മനുഷ്യരുടെ ജീവിതത്തിന്റെ അകവും പുറവും ഒരേ പോലെ തുറന്നു കാണിക്കുന്നു. അംഗീകാരത്തിന്റെ ഭാഗമായി പുതിയ പേരുകൾ നേടിയെടുക്കാൻ താല്പര്യ മനുഷ്യന് മാത്രം ഉണ്ടാകുന്ന ഒരു പ്രത്യേക സ്വഭാവമാണ്. എന്നാൽ ചില മനുഷ്യരിലൊക്കെ പേരുകൾ അനാവശ്യമായി ആരോപിക്കാറുമുണ്ട്. ദൈവം സ്നേഹിച്ച മനുഷ്യരെ ബാബിലോണിലെ പ്രവാസത്തിലേക്ക് അധികാരികൾ കൂട്ടിക്കൊണ്ടുപോയി. അവർക്ക് പുതിയ പേരും, ഭക്ഷണവും ഒക്കെ നൽകി. എന്നാൽ ഇത്തരം അധികാരത്തിന്റെ നിലപാടുകളോട് തിരിഞ്ഞു നിൽക്കുന്ന കുറേ ചെറുപ്പക്കാരുടെ ജീവിതമാണ് ദാനിയേലിന്റെ പുസ്തകത്തിൽ. പ്രവാസത്തിൽ ജീവിതം ആഘോഷമായി ജീവിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും അവർക്കുണ്ട്, പക്ഷേ ഗൃഹാതുരത്വത്തിന്റെ ഓർമ്മകളിൽ നിന്ന് അവർ പുറത്തു പോകുന്നില്ല. യെരുശലേമിന്റെ ദൈവാനുഭവത്തെ ധ്യാനാത്മകമായി ജീവിതത്തിൽ അവർ ഏറ്റെടുക്കുന്നു. ദൈവം അവർക്ക് നൽകിയ ഭൂമി, ആ ഭൂമിയിൽനിന്ന് വിദേശഅധികാരികളും അവരുടെ സൈനിക വ്യൂഹവും പുറത്താക്കി ബാബിലോണിലേക്ക് കൊണ്ടുവന്നുവെങ്കിലും യെരുശലേം അവരുടെ ഹൃദയത്തിൽ തന്നെയുണ്ട്.

'തന്റെ വീടിന്റെ മുകളിലെ മുറിയിൽ ചെന്നു. അവന്റെ കിളിവാതിലുകൾ യെരൂശലേമിന്റെ നേരെ തുറന്നിരുന്നു. അവൻ മുമ്പെയും ചെയ്യുന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിച്ചു, തന്റെ ദൈവത്തെ സ്തുതിച്ചു' (ദാനിയേൽ 6:1).

പ്രവാസത്തിൽ ദൈവം ജനത്തിന് നൽകിയ ദേശം ഒരുതരത്തിൽ നരകസമാനമായ സാഹചര്യങ്ങളിലേക്ക് മാറി എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ബുദ്ധിമാനായ ബാബിലോൺ രാജാവായ നെബൂഖദ്നേസർ ഇസ്രായേലിനെതിരെ ആക്രമണം അഴിച്ചു വിടുമ്പോൾ യെരുശലേം ദേവാലയം അദ്ദേഹം തകർത്തു. പ്രവാസികളായ ജൂതന്മാർ ദൂരദേശത്തുനിന്ന് വന്നു ദേവാലയത്തിലെ പെരുന്നാൾ ദിവസങ്ങളിലും ആരാധന സമയങ്ങളിലും ആരാധനയിൽ പങ്കെടുക്കുന്നതിനോടൊപ്പം തങ്ങളുടെ ബന്ധുമിത്രാദികളെ കാണുന്നതിനും സൗഹൃദം പുതുക്കുന്നതിനുള്ള ഇടമായിരുന്നു ദേവാലയവും അതിന്റെ അന്തരീക്ഷവും. പരസ്പരം സൗഹൃദവും സ്നേഹവും ബന്ധവും പുതുക്കുന്ന ദൈവജനത്തിന്റെ ഇടമാണ് നെബൂഖദ്നേസർ ഇല്ലാതെയാക്കിയത്. ഇസ്രായേൽ ജനത്തിനിടയിലെ ആരോഗ്യമുള്ളവരെയും ബുദ്ധിയുള്ളവരെയുമാണ് നെബൂഖദ്നേസർ തന്റെ രാജ്യത്തിലേക്ക് കൊണ്ടുപോകുന്നത്. ഏതു രാജ്യത്തിന്റെയും നിലനിൽപ്പിന്റെ അടിസ്ഥാനം ആ രാജ്യത്ത് താമസിക്കുന്ന ആളുകളുടെ ശക്തിയാണ് എന്നുള്ളത് നെബൂഖദ്നേസർ തിരിച്ചറിഞ്ഞിരുന്നു. ഇസ്രായേലിൽ ഉള്ളത് ശാരീരിക ബലഹീനത അനുഭവിക്കുന്നവരും വാർദ്ധക്യം ഉള്ളവരും ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ദേവാലയവുമാണ്. നരക സമാനമായ ഇടമായി യെരുശലേം മാറിയിരിക്കുന്നു.

ആകാശം പറയുന്ന സ്വപ്നം

അയാൾ ആകാശത്തേക്ക് തന്റെ കണ്ണുകൾ ഉയർത്തി യെരുശലേമിനെ ധ്യാനിക്കുന്നു. പ്രവാസത്തിലും അധികാരികൾ നരകമാക്കി തീർത്ത ഭൂമിയിൽ ഒരു സ്വർഗ്ഗം ഉണ്ടായിരുന്നതും വീണ്ടും അവിടെ ഒരു സ്വർഗ്ഗം രൂപപ്പെടുമെന്നും പ്രാർത്ഥനാപൂർവ്വം അയാൾ തിരിച്ചറിയുകയാണ്. തുറന്നു കിളിവാതിൽ ഒരു മടങ്ങി പോക്കാണ്. സ്വന്തം ദേശത്തേക്കുള്ള മടങ്ങിപ്പോക്ക്. ആകാശത്തേക്ക് നോക്കി ആ ഭൂമിയിലേക്ക് മടങ്ങിപ്പോകുന്നു, ദൈവത്തിന്റെ ഭൂമിയിലേക്ക്.

❑



കോട്ടയം ആർപ്പൂക്കര മാർ ഗ്രീഗോറിയോസ് കാരുണ്യനിലയത്തിൽ സ്നേഹ സംഗമവും സൗജന്യ ഡയാലിസിസ് കിറ്റ് വിതരണവും സൗജന്യ ഓണക്കിറ്റ് വിതരണവും ഓണാഘോഷവും നടന്നു. പ. കാതോലിക്കാ ബാവായും ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസും പങ്കെടുത്തു.



കോട്ടയം ഭദ്രാസനത്തിലെ കർഷകർക്ക് താങ്ങും തണലും ആകാൻ കതിർ കാർഷിക സൊസൈറ്റി പ്രവർത്തനമാരംഭിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് ഉദ്ഘാടനം ചെയ്തു.



അനു പി. മത്തായി അഡീഷണൽ സെക്രട്ടറി

ഇന്ത്യൻ ഇക്കണോമിക് സെർവീസിലെ (ഐ.എ.എസ്) ഉദ്യോഗസ്ഥയായ അനു പി. മത്തായിയെ കേന്ദ്രധനമന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തികാര്യ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയായി നിയമിച്ചു. മലങ്കര സഭയുടെ ഡൽഹി ഭദ്രാസനത്തിലെ ഹോസ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്. നിലവിൽ സാമ്പത്തികാര്യ വകുപ്പിൽ രാജ്യാന്തര സാമ്പത്തിക ബന്ധങ്ങളുമായി ബന്ധപ്പെട്ട ഉപദേഷ്ടാവാണ്. 1995 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥയായ അനു പി. മത്തായി, ഡൽഹിയിൽ ജി 23 ഉച്ചകോടി നടന്നപ്പോൾ സാമ്പത്തികകാര്യചർച്ചകളുടെ (ഫിനാൻസ് ട്രാക്ക്) അടക്കം ചുമതലകൾ വഹിച്ചിട്ടുണ്ട്.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി



സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) ഏകദിന നേതൃസമ്മേളനവും ഭദ്രാസന ഭാരവാഹികൾക്കുള്ള ഏകദിന സെമിനാറും പാമ്പാടി ദയറായിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി മാത്യു, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം, കേന്ദ്ര ട്രഷറാർ ഉമ്മൻ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.



ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അന്താരാഷ്ട്ര അവാർഡ് ഡോ. ടെസ്സി തോമസിന്

ന്യൂഡൽഹി: ഡൽഹി ഭദ്രാസനത്തിന്റെ കീഴിലുള്ള സോഫിയ സൊസൈറ്റി ഏർപ്പെടുത്തിയിരിക്കുന്ന എട്ടാം ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അന്താരാഷ്ട്ര അവാർഡ് ഈ വർഷം 'അഗ്നിപുത്രി' എന്നറിയപ്പെടുന്ന ഡോ. ടെസ്സി തോമസിന് സമ്മാനിക്കുമെന്ന് ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്താ അറിയിച്ചു. അവാർഡ് നവംബർ 30-നു നടക്കുന്ന സമ്മേളനത്തിലാണ് സമ്മാനിക്കുക. അവാർഡിനൊപ്പം 5 ലക്ഷം രൂപയും പ്രശസ്തി പത്രവും ലഭിക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ അംബേദ്ക്കർ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസിലർ പ്രൊഫ. ഡോ. ശ്യാം മേനോൻ മുഖ്യ പ്രഭാഷണം നടത്തും.

സമൂഹത്തിൽ വിവിധ മേഖലകളിൽ അതുല്യ സംഭാവനകൾ നൽകിയ പ്രഗത്ഭരെ ആദരിക്കുന്നതിനായി, ഡൽഹി ഭദ്രാസനത്തിലെ പ്രഥമ മെത്രാപ്പോലീത്തയും ലോകപ്രശസ്ത മഹാപണ്ഡിതനും വിശ്വമാനവികനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ സ്മരണാർത്ഥത്തിലാണ് ഈ അവാർഡ് നൽകുന്നത്. അവാർഡ്ദാന ചടങ്ങ് സോഫിയ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുന്നത്.

നൂറുൽ ഇസ്ലാം സെന്റർ ഫോർ ഹയർ എഡ്യൂക്കേഷന്റെ വൈസ് ചാൻസിലറായ ഡോ. ടെസ്സി തോമസ്, ഇന്ത്യയുടെ അഭിമാനമായ അഗ്നി IV, അഗ്നി V മിസൈലുകളുടെ പ്രൊജക്റ്റ് ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. 'മിസൈൽ വനിത' , 'അഗ്നിപുത്രി' എന്നീ വിശേഷണങ്ങൾക്ക് ഉടമയായ അവർ 2008-ലെ DRDO Scientist of the Year Award, 2012-ലെ CNN-IBN Indian of the Year Award, 2014-ലെ കേരള സർക്കാരിന്റെ വനിതാ രത്നം പുരസ്കാരം അടക്കമുള്ള നിരവധി ബഹുമതികൾക്ക് അർഹയായിട്ടുണ്ട്.

ഇതുവരെ ടിബറ്റൻ ബുദ്ധമതത്തിന്റെ ആത്മീയ നേതാവായ ദലൈലാമ, ഡോ. ബാബാ ആംതെ, ശ്രീമതി അരുണ റോയ്, ഡോ. സോനം വാങ്ചുക് തുടങ്ങി നിരവധി മഹാന്മാരായ ദേശീയ-ആഗോള വ്യക്തിത്വങ്ങൾക്കാണ് ഈ പുരസ്കാരം ലഭിച്ചിട്ടുള്ളത്.